

# സമ്പൂർണ്ണകൃതികൾ: ഭാഗം VI

കെ. ദാമോദരൻ



# 10. സാമൂഹ്യപരിഷ്ക്കാരവും മതപുനരുദ്ധാരണവും

# സമ്പൂർണ്ണകൃതികൾ: ഭാഗം VI

കെ. ദാമോദരൻ

(മലയാളം: രാഷ്ട്രീയം, ചരിത്രം)

കെ. ദാമോദരൻ എഡിറ്റോറിയൽ കമ്മിറ്റി

- ആന്റണി തോമസ്
- സി. എൻ. ജയദേവൻ
- എം. പി. അച്യുതൻ
- ഐ. വി. ശശാങ്കൻ
- ഡോ. വള്ളിക്കാവ് മോഹൻദാസ്

© 2009–2020 Prabhatham Printing & Publishing Co. (P) Ltd., Trivandrum, owned by Communist Party of India, Trivandrum.

Printed editions published by Prabhatham Printing & Publishing Co. (P) Ltd.

First published in print media 2009.

The electronic versions are released under the provisions of Creative Commons Attribution By Share Alike license for free download and usage.

The electronic versions were generated from sources marked up in LaTeX in a computer running GNU/LINUX operating system. PDF was typeset using XeTeX from TeXLive 2020. The base font used was traditional script of Rachana, contributed by KH Hussain, et al. and maintained by Rachana Institute of Typography. The font used for Latin script was Linux Libertine developed by Philipp H. Poll.

Cover: Mansu Hill Grand Monument, a picture of sculpture by Jennybento. The image is taken from Wikimedia Commons and is gratefully acknowledged.

**Sayahna Foundation**
JWRA 34, Jagathy, Trivandrum, India 695014
URL: www.sayahna.org

# ഉള്ളടക്കം


10 സാമൂഹ്യപരിഷ്ക്കാരവും മതപുനരുദ്ധാരണവും . . . 1

1 റാനഡെയും പ്രാർത്ഥനാസമാജവും . 2

2 മതപുനരുദ്ധാരണത്തിന്റെ നേരെ . . 3

3 സാമൂഹ്യപരിഷ്ക്കാരത്തിന്റെ പ്രാധാന്യം 4

4 നാഷണൽ കോൺഗ്രസ്സും സോഷ്യൽ കോൺഫറൻസും . . . . . . . . . . . 5

5 സാമൂഹ്യപരിഷ്ക്കാരത്തിന്റെ വ്യാപ്തി . . 6

6 ശ്രീനാരായണഗുരു . . . . . . . . . . . 7

7 വേദാന്തത്തിന്റെ അർത്ഥം . . . . . . 8

8 നാട്ടുവാഴിത്തത്തിനെതിരായ ഉൽബുദ്ധത . . . . . . . . . . . . . . 9

9 ദയാനന്ദസരസ്വതിയും ആര്യസമാജവും 10

10 വേദങ്ങളിലേക്കു മടങ്ങുക! . . . . . . 11

11 സങ്കുചിതദേശീയത്വം . . . . . . . . . 12

12 ബ്രഹ്മവിദ്യാസംഘം . . . . . . . . . 13

13 ആനിബസന്റ് . . . . . . . . . . . . 14

14 ഹിന്ദുമതപുനരുദ്ധാരണം . . . . . . . 15

# 10

# സാമൂഹ്യപരിഷ്കാരവും മതപുനരുദ്ധാരണവും

പത്തൊമ്പതാം നൂറ്റാണ്ടിലെ ഇന്ത്യയിൽ മതത്തോടുള്ള സമീപനത്തെ സംബന്ധിച്ചിടത്തോളം മുഖ്യമായി മൂന്നുതരം ചിന്താഗതിക്കാരുണ്ടായിരുന്നു. ഒന്നാമതായി, സാമ്പത്തിക–സാമൂഹ്യ–രാഷ്ട്രീയ സംഭവവികാസങ്ങളുടെ സമ്മർദ്ദങ്ങളെ കൂട്ടാക്കാതെ പഴയ മതവിശ്വാസങ്ങളെയും മതചടങ്ങുകളെയും സാമൂഹ്യാചാരങ്ങളെയും യാതൊരു മാറ്റവും കൂടാതെ അതേപടി നിലനിർത്തണമെന്നാഗ്രഹിച്ച യാഥാസ്ഥിതികന്മാർ. സ്ഥാപിതതാൽപര്യങ്ങളെ കാത്തുരക്ഷിക്കാനും സമൂഹത്തിലെ ഉച്ചനീചത്വങ്ങളെ ന്യായീകരിക്കാനും മറ്റു മതങ്ങളെ എതിർക്കാനും മാത്രമല്ല, ചിലപ്പോൾ ബ്രിട്ടീഷുഭരണാധികാരികളുടെ നയങ്ങളെ പിന്താങ്ങാനും അവർ വേദങ്ങളും സ്മൃതികളും ഉദ്ധരിച്ചു. രണ്ടാമതായി, പാശ്ചാത്യ ചിന്തയുടെ ആക്രമണത്തിൽ നിന്ന് സ്വന്തം സംസ്കാരത്തെയും സ്വന്തം ജീവിതരീതികളെയും കാത്തുരക്ഷിക്കാൻ വേണ്ടി മതത്തെ പുനരുദ്ധരിക്കണമെന്നു വാദിച്ചവർ. പാശ്ചാത്യരുടെ "ഭൗതിക" സംസ്കാരത്തിനെതിരായി അവർ ഇന്ത്യയുടെ സനാതനമായ "ആദ്ധ്യാത്മിക" സംസ്കാരത്തെ ഉയർത്തിപ്പിടിച്ചു. വിദേശീയങ്ങളായ എല്ലാ ശാസ്ത്രീയ–സാംസ്കാരിക സ്വാധീനങ്ങളെയും അവർ ആക്ഷേപിച്ചു. സ്വന്തം മതത്തിന്റെ പരിപാവനതയെ കാത്തുരക്ഷിക്കാൻ വേണ്ടി ചിലപ്പോൾ അവർ "വിദേശീയമതക്കാരായ" ബ്രിട്ടീഷ് ഭരണാധികാരികൾക്കെതിരായി സമരങ്ങൾ നടത്തുകപോലും ചെയ്തു. നിലവിലുള്ള ചില സാമൂഹ്യാചാരങ്ങൾ അർത്ഥശൂന്യങ്ങളാണെന്ന് അവർ സമ്മതിച്ചു. പക്ഷേ, അവ യഥാർത്ഥ മതത്തിന്റെ അവിഭാജ്യഘടകങ്ങളല്ലെന്നും മതത്തെ തെറ്റായ രീതിയിൽ വ്യാഖ്യാനിച്ചതിന്റെ ഫലമായി വന്നുചേർന്ന മാലിന്യങ്ങൾ മാത്രമാണെന്നും ആ മാലിന്യങ്ങളെ നീക്കം ചെയ്തുകൊണ്ട് മതത്തെ പുനഃരുദ്ധരിക്കുകയും അങ്ങനെ യഥാർത്ഥമതത്തിലേക്ക് തിരിച്ചുപോവുകയും ചെയ്യുകയാണ് വേണ്ടത് എന്നും അവർ വിശ്വസിച്ചു. മൂന്നാമതായി, പുതിയ കാലഘട്ടത്തിന്റെ ആവശ്യങ്ങൾക്കനുസരിച്ച് മതവിശ്വാസങ്ങളിലും സാമൂഹ്യാചാരങ്ങളിലും മാറ്റങ്ങൾ വരുത്തണമെന്നു വാദിച്ചവർ. പഴയ മതവിശ്വാസങ്ങളെയും ആചാരങ്ങളെയും പുനരുദ്ധരിക്കുകയോ പുനരുജ്ജീവിപ്പിക്കുകയോ അല്ല, യുക്തിയുടെയും ആധുനികശാസ്ത്രീയ ചിന്തയുടെയും സഹായത്തോടുകൂടി മതത്തെ പരിഷ്കരിച്ചുകൊണ്ട് നല്ലൊരു ഭാവിയിലേക്ക് മുന്നേറുകയാണ് ചെയ്യേണ്ടത് എന്നായിരുന്നു അവരുടെ അഭിപ്രായം.

മതപുനരുദ്ധാരണവാദവും മതപരിഷ്കരണ വാദവും തമ്മിലുള്ള വ്യത്യാസം വിശദീകരിച്ചുകൊണ്ട് പിന്നീട് ലാലാലജ്പത് റായി ഇങ്ങനെ പറയുകയുണ്ടായി: "മതപരിഷ്കരണവാദികൾ യുക്തിയെയും യൂറോപ്യൻ സമുദായത്തിന്റെ അനുഭവങ്ങളെയുമാണ് കൂടുതൽ ആശ്രയിക്കുന്നത് എങ്കിൽ മതപുനരുദ്ധാരണ വാദികൾ ഉറ്റുനോക്കുന്നത് പ്രധാനമായും തങ്ങളുടെ ശാസ്ത്രങ്ങളുടെയും കഴിഞ്ഞ കാലത്തെ ചരിത്രത്തിന്റെയും തങ്ങളുടെ ജനങ്ങളുടെ പാരമ്പര്യങ്ങളുടെയും രാജ്യം യശസ്സിന്റെ പാരമ്യത്തിലായിരുന്ന കാലത്തേ നാടൻ സ്ഥാപനങ്ങളുടെയും നേർക്കാണ്". [1]

മതപുനരുദ്ധാരകന്മാർ ഹിന്ദുമതത്തിന്റെ നഷ്ടപ്പെട്ട യശസ്സിൽ ഊന്നിക്കൊണ്ട് ജനങ്ങളെ ഉണർത്താൻ ശ്രമിച്ചു എന്നത് വാസ്തവമാണ്. എന്നാൽ, മതപരിഷ്കർത്താക്കൾ നാട്ടിന്റെ പാരമ്പര്യങ്ങളെ അവഗണിച്ചു എന്നു ധരിക്കുന്നത് ശരിയായിരിക്കുകയില്ല. ഇന്ത്യയുടെ സാംസ്കാരിക പൈതൃകത്തിൽ ഊന്നി നിന്നുകൊണ്ടുതന്നെയാണ് അവർ ഒരു പുതിയ ഭാവി കെട്ടിപ്പടുക്കാൻ മുതിർന്നത്. വേദങ്ങളും ഉപനിഷത്തുകളും സ്മൃതികളുമെല്ലാം അവരും വായിച്ചു പഠിച്ചു. പക്ഷേ, ഭൂതകാലത്തിലേക്ക് മടങ്ങിപ്പോവാനോ പഴമയെ അന്ധമായി പിന്തുടരാനോ അവർ തയ്യാറായില്ല. നേരെമറിച്ച്, സാംസ്കാരിക പാരമ്പര്യത്തെ യുക്തിയുടെ വെളിച്ചത്തിൽ പരിശോധിക്കാനും അതിലെ ക്രിയാത്മകവശങ്ങളെ പുതിയ കാലഘട്ടത്തിനു യോജിച്ച മട്ടിൽ പുഷ്ടിപ്പെടുത്താനുമാണ് അവർ ശ്രമിച്ചത്. അതുകൊണ്ടുതന്നെയാണ് പാശ്ചാത്യ രാജ്യങ്ങളിൽ നിന്നുവന്ന പുതിയ ചിന്തകളെയും ശാസ്ത്രങ്ങളെയും അവർ സ്വാഗതം ചെയ്തത്. അടിസ്ഥാനപരമായി അവർ ഹിന്ദുമതവിശ്വാസികളായിരുന്നു. പക്ഷേ, മറ്റു മതങ്ങൾക്കൊന്നും അവർ എതിരായിരുന്നില്ല. ഹിന്ദുമതം, ഇസ്ലാംമതം, ക്രിസ്തുമതം തുടങ്ങിയ എല്ലാ മതങ്ങളെയും ഉൾക്കൊള്ളാനും അവയുടെ അടിസ്ഥാനത്തിൽ മനുഷ്യസ്നേഹത്തിലും സാഹോദര്യത്തിലും അടിയുറച്ച ഒരു സാർവലൗകിക വീക്ഷണഗതി ആവിഷ്കരിക്കാനുമാണ് അവർ ശ്രമിച്ചത്. മനുഷ്യനും മനുഷ്യനും തമ്മിലുള്ള വ്യത്യാസങ്ങളെയും സാമൂഹ്യപുരോഗതിയെ തടഞ്ഞുനിർത്തുന്ന അനാചാരങ്ങളെയും നിർമാർജനം ചെയ്യാൻ അവർ ആഗ്രഹിച്ചു. ഈ ആഗ്രഹം നിറവേറ്റാൻ വേണ്ടിയാണ് അവർ പാശ്ചാത്യശാസ്ത്രങ്ങളുടെ നേട്ടങ്ങളെയും യുക്തിവിചാരത്തെയും ഉപയോഗപ്പെടുത്തിയത്. കഴിഞ്ഞ അദ്ധ്യായത്തിൽ കണ്ടുകഴിഞ്ഞതുപോലെ, രാജാറാം മോഹൻ റായിയുടെ നേതൃത്വത്തിൽ ബംഗാളിലാണ് ഈ നവോത്ഥാനം ആരംഭിച്ചത്. ക്രമത്തിൽ അത് മറ്റു സംസ്ഥാനങ്ങളിലേക്കും പരന്നുപിടിച്ചു.

---

1. Lajpat Rai: writing and speeches, Vol. I, P. 54.

# 1 റാനഡെയും പ്രാർത്ഥനാസമാജവും

മഹാരാഷ്ട്രയിൽ മതപരവും സാമൂഹ്യവുമായ മതപരിഷ്ക്ക രണ പ്രസ്ഥാനത്തിനു നേതൃത്വം നൽകിയത് മഹാദേവ ഗോവിന്ദറാനഡെയാണ്. പ്രശസ്ത സാമ്പത്തികവിദ ഗ്ധനും നിയമജ്ഞനുമായിരുന്ന അദ്ദേഹം 1870-ൽ ബ്രഹ്മസമാജത്തിന്റെ മാതൃകയിൽ ബോംബെയിൽ പ്രാർത്ഥനാസമാജം എന്ന ഒരു സംഘം സ്ഥാപിച്ചു. സമാജത്തിന്റെ വിശ്വാസപ്രമാണങ്ങൾ താഴെ പറയു ന്നവയായിരുന്നു:

1. പ്രപഞ്ചത്തിന്റെ സ്രഷ്ടാവാണ് ദൈവം.
2. ദൈവത്തെ ആരാധിച്ചാൽ മാത്രമേ ഇഹത്തിലും പരത്തിലും സൗഖ്യം നേടാൻ കഴിയൂ.
3. ദൈവത്തെ സ്നേഹിക്കുകയും ആദരിക്കുകയും ചെ യ്യുക, അവനെ മാത്രം വിശ്വസിക്കുക, ഈ വികാരങ്ങ ളോടുകൂടി ആദ്ധ്യാത്മിക കീർത്തനങ്ങൾ പാടിക്കൊ ണ്ട് അവനോട് പ്രാർത്ഥിക്കുക, അവന് ഇഷ്ടമായ കാ ര്യങ്ങൾ മാത്രം ചെയ്യുക—ഇവയാണ് ആരാധനയുടെ മാർഗ്ഗങ്ങൾ.
4. ബിംബങ്ങളെയോ സൃഷ്ടിക്കപ്പെട്ട മറ്റു വസ്തുക്കളെ യോ പൂജിക്കുന്നതും അവയോട് പ്രാർത്ഥിക്കുന്നതും ശരിയായ ആരാധനയല്ല.
5. ദൈവത്തിന് അവതാരങ്ങളില്ല. ദൈവം നേരിട്ട് വെ ളിപ്പെടുത്തിയതോ അപ്രമാദിത്വം അവകാശപ്പെടാൻ കഴിവുള്ളതോ ആയ യാതൊരു ഗ്രന്ഥവുമില്ല.
6. എല്ലാ മനുഷ്യരും ദൈവത്തിന്റെ മക്കളാണ്. അതു കൊണ്ട് അവർ സഹോദരങ്ങളെപ്പോലെ യാതൊരു വ്യത്യാസവും കൂടാതെ പരസ്പരം പെരുമാറണം. ഇത് ദൈവത്തെ പ്രീതിപ്പെടുത്തും. അതിനാൽ, ഇതാണ് മനുഷ്യന്റെ കർത്തവ്യം. [2]

ഹിന്ദു സമുദായത്തിലെ ജാതിവ്യവസ്ഥ, ശൈശവവിവാ ഹം, വിഗ്രഹാരാധന തുടങ്ങിയ അനാചാരങ്ങൾക്കെതി രായി പോരാടുക എന്നതായിരുന്നു പ്രാർത്ഥനാസമാ ജത്തിന്റെ മുഖ്യമായ പരിപാടി. ഈ പരിപാടി പ്രാചീന ശാസ്ത്രങ്ങൾക്കും സ്മൃതികൾക്കും എതിരല്ലെന്നു തെളിയി ക്കാൻ റാനഡെ ലേഖനങ്ങളും ഗ്രന്ഥങ്ങളുമെഴുതി. “വി ധവാവിവാഹത്തിന്റെ വേദപ്രമാണങ്ങൾ”, “ശൈശവ വിവാഹത്തെക്കുറിച്ചുള്ള ശാസ്ത്രപ്രമാണ ഗ്രന്ഥങ്ങൾ” എന്നിങ്ങനെയുള്ള പണ്ഡിതോചിതങ്ങളായ കൃതികൾ അവയിലുൾപ്പെടുന്നു.

2. Prarthana Samaj Report. Quoted in J. N. Farquhar: Modern Religious Movements in India, P. 80.

## 2 മതപുനരുദ്ധാരണത്തിന്റെ നേരെ

മതപുനരുദ്ധാരകരെ വിമർശിച്ചുകൊണ്ട് റാനഡെ എഴുതി: “നമ്മുടെ ആചാരാനുഷ്ഠാനങ്ങൾ പുനരുദ്ധരിക്കണമെന്ന് ഇവർ നമ്മോടാവശ്യപ്പെടുന്നു. എന്താണ് ഇവർ പുനരുദ്ധരിക്കാൻ പോകുന്നത് എന്നറിയാതെ ജനങ്ങൾ വിഷമിക്കുകയാണ്. ഏറ്റവും പരിപാവനമായി കരുതപ്പെടുന്ന ജാതിക്കാർ, ഇന്നു നമ്മൾ ഗർഹണീയങ്ങളായി കണക്കാക്കുന്ന എല്ലാത്തരം സസ്യമാംസാദി ഭക്ഷണങ്ങളിലും മറ്റും മത്താടിക്കൊണ്ടിരുന്ന പഴയ കാലത്തെ ആചാരങ്ങളെയെല്ലാം പുനരുദ്ധരിക്കണോ? ആ പഴയകാലത്തെ മനുഷ്യരും ദൈവങ്ങളും നിരോധിക്കപ്പെട്ട പലതും തിന്നുകയും കുടിക്കുകയും ചെയ്തിരുന്നു. ഒരു പുനരുദ്ധാരണവാദിക്കും ഇന്ന് അവയെ ശുപാർശ ചെയ്യാൻ കഴിയില്ല. പന്ത്രണ്ടുതരം പുത്രന്മാരെയോ എട്ടുതരം വിവാഹങ്ങളെയോ—അവയിൽ സ്ത്രീകളെ ബലാൽക്കാരമായി പിടിച്ചുകൊണ്ടു വരുന്ന സമ്പ്രദായവും ഉൾപ്പെടും—അംഗീകൃതങ്ങളായിരുന്ന ജാരസംഭോഗങ്ങളെയോ നമ്മളിന്നു പുനരുദ്ധരിക്കണോ? സ്വന്തം സഹോദരന്മാർ മരിച്ചാൽ അവരുടെ ഭാര്യമാരിൽ സന്താനോൽപ്പാദനം നടത്തുക എന്ന നിയോഗ സമ്പ്രദായം നമ്മൾ പുനരുദ്ധരിക്കണോ? ലൈംഗികബന്ധങ്ങളുടെ കാര്യത്തിൽ ഋഷിമാരും ഋഷിപത്നിമാരും സ്വീകരിച്ചിരുന്ന സ്വാതന്ത്ര്യങ്ങൾ നമ്മൾ പുനരുദ്ധരിക്കണോ? കൊല്ലത്തോടു കൊല്ലം നടത്തപ്പെട്ടു പോന്നിരുന്ന മൃഗബലിയും നരബലി പോലും നമ്മൾ വീണ്ടും ആരംഭിക്കണോ? സഭ്യേതരങ്ങളായ ആചാരങ്ങളും വ്യഭിചാരങ്ങളുമടങ്ങിയ വാമാചാരശക്തിപൂജ നമ്മൾ പുനരുദ്ധരിക്കണോ? സതി, ശിശുഹത്യ, ജീവനുള്ള മനുഷ്യരെ പുഴകളിലേക്കു വലിച്ചെറിഞ്ഞോ പാറകളുടെ മേലിട്ടടിച്ചോ കൊളുത്തിട്ടു പിടിച്ചു ചുഴറ്റിയോ ജഗന്നാഥ രഥത്തിന്റെ അടിയിൽ ഞെക്കിച്ചതച്ചോ കൊലചെയ്യൽ—ഇത്തരം ആചാരങ്ങൾ നമ്മൾ പുനരുദ്ധരിക്കണോ? ബ്രാഹ്മണരും ക്ഷത്രിയരും തമ്മിലുള്ള ആഭ്യന്തരയുദ്ധങ്ങൾ, ആദിമനിവാസികളെ ക്രൂരമായി മർദ്ദിച്ച് അധഃപതിപ്പിക്കൽ മുതലായവ വീണ്ടും ആരംഭിക്കണോ? ഒരു ഭാര്യക്ക് അനേകം ഭർത്താക്കന്മാർ, അല്ലെങ്കിൽ ഒരു ഭർത്താവിന് അനേകം ഭാര്യമാർ, എന്ന സമ്പ്രദായം പുനരുജ്ജീവിപ്പിക്കണോ ? നമ്മുടെ ബ്രാഹ്മണന്മാർ ജന്മിമാരും മാന്യന്മാരും അല്ലാതായിത്തീർന്ന് പഴയമാതിരി രാജാവിന്റെ ആശ്രിതന്മാരും യാചകന്മാരും ആയി മാറണമെന്ന് നാം ആഗ്രഹിക്കുന്നുണ്ടോ? പഴയ ആചാരങ്ങളും നടപടികളും നമ്മുടെ മോക്ഷത്തിനുപകരിക്കില്ലെന്നും അവ പ്രായോഗികമല്ലെന്നും വ്യക്തമാക്കാൻ ഈ ദൃഷ്ടാന്തങ്ങൾ മാത്രം മതി”. [3]

---

3. C. Y. Chintamani: Indian Social Reform, Part II, PP. 89–90.

## 3 സാമൂഹ്യപരിഷ്കാരത്തിന്റെ പ്രാധാന്യം

ഭൂതകാലത്തെ സമുദ്ധരിച്ചെടുക്കുന്നത് അസാദ്ധ്യവും അനഭിലഷണീയവുമാണെങ്കിൽ സാമൂഹ്യക്രമത്തിലെ വൈകൃതങ്ങൾ നീക്കം ചെയ്യാനുള്ള ഏകമാർഗ്ഗം സാമൂഹ്യപരിഷ്കാരമാണെന്ന സമ്മതിക്കേണ്ടിവരും. സാമൂഹ്യപരിഷ്കാരവും രാഷ്ട്രീയാഭിവൃദ്ധിയും തമ്മിലുള്ള അഭേദ്യമായ ബന്ധം വിവരിച്ചുകൊണ്ട് റാനഡെ പറഞ്ഞു: "രാഷ്ട്രീയാവകാശങ്ങളുടെ കാര്യത്തിൽ പിന്നണിയിൽ നിൽക്കുന്നേടത്തോളം നിങ്ങൾക്കു ഒരു നല്ല സാമൂഹ്യവ്യവസ്ഥിതി ഉണ്ടാവുകയില്ല. സാമൂഹ്യവ്യവസ്ഥിതി യുക്തിയിലും നീതിയിലും അധിഷ്ഠിതമല്ലെങ്കിൽ രാഷ്ട്രീയാവകാശങ്ങൾ പ്രായോഗികമാക്കാൻ നിങ്ങൾ അർഹരാവുകയുമില്ല. സാമൂഹ്യസംവിധാനം അപൂർണ്ണമായിരിക്കുന്നേടത്തോളം, ഒരു നല്ല സാമ്പത്തിക വ്യവസ്ഥയുണ്ടാവാനിടയില്ല. നിങ്ങളുടെ മതപരമായ ആശയങ്ങൾ ഹീനങ്ങളും താഴ്ന്ന നിലവാരത്തിലുള്ളവയുമാണെങ്കിൽ നിങ്ങൾക്ക് സാമൂഹ്യ–സാമ്പത്തിക–രാഷ്ട്രീയ രംഗങ്ങളിൽ വിജയിക്കാൻ കഴിയില്ല. ഈ പരസ്പരാശ്രിതത്വം ആകസ്മികമല്ല, നമ്മുടെ പ്രകൃതിയുടെ നിയമമാണ്". [4]

അതേസമയത്ത്, സാമൂഹ്യപരിഷ്കാരം ഭൂതകാലവുമായുള്ള എല്ലാ ബന്ധങ്ങളും പൂർണ്ണമായി വേർപെടുത്തലല്ല എന്നും അദ്ദേഹം ഊന്നിപ്പറഞ്ഞു. "ഒരു യഥാർത്ഥസാമൂഹ്യപരിഷ്കർത്താവിന് ഹരിശ്രീ തൊട്ട് എഴുതേണ്ടതില്ല. പകുതി എഴുതിക്കഴിഞ്ഞ വാചകം പൂർത്തിയാക്കുകയാണ് അയാളുടെ കടമ". മുസ്ലീങ്ങളും ഹിന്ദുക്കളും ഒത്തൊരുമിച്ചു പ്രവർത്തിക്കണമെന്നും വിഭാഗീയതയും സങ്കുചിത മനോഭാവവും ഉപേക്ഷിക്കണമെന്നും അദ്ദേഹം അഭ്യർത്ഥിച്ചു. 1895-ൽ ലക്നോവിൽ ചേർന്ന സോഷ്യൽ കോൺഫറൻസിന്റെ പതിമൂന്നാമതു സമ്മേളനത്തെ അഭിസംബോധന ചെയ്തുകൊണ്ട് അദ്ദേഹം മുന്നറിയിപ്പുനൽകി: "അക്ബറുടെ കാലത്ത് അദ്ദേഹത്തിന്റെ മുഖ്യഉപദേശകന്മാരും കൗൺസിലർമാരുമായി പ്രവർത്തിച്ചവരുടെ നേതൃത്വം സ്വീകരിച്ചുകൊണ്ട് ഹിന്ദുക്കളും മുസ്ലീങ്ങളും യോജിപ്പോടെ പ്രവർത്തിക്കുകയും അക്ബറുടെ പൗത്രൻ ഔറംഗസേബ് ചെയ്ത അബദ്ധം ഒഴിവാക്കാൻ ബോധപൂർവം പരിശ്രമിക്കുകയും ചെയ്തില്ലെങ്കിൽ നമ്മുടെ വിശാലമായ രാജ്യത്തിൽ ഒരു പുരോഗതിയും സാദ്ധ്യമല്ലെന്ന് തീർച്ചയാണ്. കഴിഞ്ഞകാലത്തെ പാഠങ്ങൾക്ക് എന്തെങ്കിലും വിലയുണ്ടെങ്കിൽ അത് വ്യക്തമാക്കുന്നതിതാണ്. പൊതുതാല്പര്യങ്ങളെക്കുറിച്ചുള്ള ബോധത്തിൽ നിന്ന് ഉടലെടുത്ത കൂട്ടായ പ്രവർത്തനങ്ങൾ, ചെറിയ അഭിപ്രായവ്യത്യാസങ്ങൾ സഹിക്കാനും യോജിപ്പുളവാക്കാനും പറ്റിയ തരത്തിൽ ജനങ്ങളുടെ വികാരവിചാരങ്ങളുടെ സംയോജനം കൈവരുത്തുവാനുള്ള പൊതുവായ അഭിലാഷം— ഇവയായിരുന്ന അക്ബറുടെ മുഖ്യമായ ഉദ്ദേശ്യങ്ങൾ. അവയെ ഒരു പുണ്യവിശ്വാസമായി അദ്ദേഹം തന്റെ ദിൻ ഇലാഹിയിൽ ഉൾപ്പെടുത്തുകയും ചെയ്തു. ഹിന്ദുക്കളോ മുസ്ലീങ്ങളോ താന്താങ്ങളുടെ താല്പര്യങ്ങളെ വ്യത്യസ്തങ്ങളും വിഭാഗീയങ്ങളുമായി കണക്കാക്കാൻ വേണ്ടി നടത്തുന്ന എല്ലാ ശ്രമങ്ങളേയും ജാതിയുടെയും വർഗ്ഗത്തിന്റെയും പേരിലുള്ള പരസ്പരവൈരം കൊണ്ടുണ്ടായ മുറിവുകൾ ഉണക്കാൻ ശ്രമിക്കാതെ പ്രത്യേക ചിന്താരീതികളും പ്രത്യേകതാല്പര്യങ്ങളും സൃഷ്ടിക്കാൻ വേണ്ടി നടത്തുന്ന എല്ലാ ശ്രമങ്ങളെയും ഒഴിവാക്കേണ്ടതാണ്. സ്വന്തം നിലനിൽപ്പിനും അധികാരവും ആധിപത്യവും നേടുന്നതിനും വേണ്ടി അടുത്തകാലത്ത് നടത്തപ്പെട്ട സമരങ്ങളിൽ രണ്ടു സമുദായങ്ങളിലെ നേതാക്കന്മാരും ഈ പാഠം വേണ്ടത്ര പഠിച്ചുകഴിഞ്ഞിട്ടില്ലെന്ന് ഭയപ്പെടേണ്ടിയിരിക്കുന്നു". [5]

---

4. R. K. Prabhu (Ed.): An Anthology of Modern Indian Eloquence, P. 26.
5. C. Y. Chintamani: Indian Social Reform, Part II, PP. 122–23.

## 4 നാഷണൽ കോൺഗ്രസ്സും സോഷ്യൽ കോൺഫറൻസും

സാമൂഹ്യപരിഷ്ക്കാരപ്രസ്ഥാനങ്ങൾ ബംഗാളിലും മഹാരാഷ്ട്രയിലും മാത്രമല്ല, രാജ്യത്തിന്റെ മറ്റു ഭാഗങ്ങളിലും ഉയർന്നുവരാൻ തുടങ്ങി. അവയെല്ലാം കൂട്ടിയോജിപ്പിക്കാൻ വേണ്ടി റാനഡെ സോഷ്യൽ കോൺഫറൻസ് എന്നൊരു സംഘടന രൂപവൽക്കരിക്കാൻ മുൻകൈയെടുത്തു പ്രവർത്തിച്ചു. "രാജ്യമൊട്ടുക്കും സാമൂഹ്യമായ തിന്മകൾക്കും അനാചാരങ്ങൾക്കുമെതിരായി സമരം ചെയ്തുകൊണ്ടിരുന്ന വിവിധ സംഘടനകളുടെയും പ്രസ്ഥാനങ്ങളുടെയും പ്രതിനിധികളെ കൊല്ലത്തിലൊരിക്കൽ ഒന്നിച്ചുകൂട്ടി കൂടിയാലോചനകൾ നടത്തുകയും അങ്ങനെ സാമൂഹ്യപരിഷ്കരണത്തിന്റെ ശക്തികളെ വളർത്തുകയും ചെയ്യുക എന്നതായിരുന്നു അതിന്റെ ഉദ്ദേശ്യം". [6]

1885-ൽ സ്ഥാപിതമായ ഇന്ത്യൻ നാഷണൽ കോൺഗ്രസ് സാമൂഹ്യ പരിഷ്ക്കാരപ്രശ്നങ്ങളുമായി ബന്ധപ്പെടണമെന്ന് റാനഡെ വാദിച്ചു. എന്നാൽ, കോൺഗ്രസ്സിന്റെ നേതൃത്വം അദ്ദേഹത്തിന്റെ അഭിപ്രായത്തോടു യോജിച്ചില്ല. ദാദാഭായി നവറോജിയെപ്പോലുള്ള ഉൽബുദ്ധരായ നേതാക്കൾ പോലും കോൺഗ്രസ്സിനെ സാമൂഹ്യപരിഷ്കരണത്തിന്റെ വേദിയാക്കാൻ പാടില്ലെന്നു പറഞ്ഞ് ഒഴിഞ്ഞുമാറുകയാണ് ചെയ്തത്. "ഒരു ദേശീയ കോൺഗ്രസ്സ് രാഷ്ട്രത്തെയാകെ പൊതുവിൽ നേരിടുന്ന പ്രശ്നങ്ങളിൽ മാത്രം ഒതുങ്ങി നിൽക്കണം. സാമൂഹ്യപരിഷ്കരണങ്ങളും മറ്റു വിഭാഗീയപ്രശ്നങ്ങളും വർഗ്ഗീയസംഘടനകൾക്കു വിട്ടുകൊടുക്കണം". [7] എന്നാണ് അദ്ദേഹം അഭിപ്രായപ്പെട്ടത്.

എങ്കിലും, സോഷ്യൽ കോൺഫറൻസിന്റെ വാർഷിക യോഗങ്ങൾ കോൺഗ്രസ്സ് സമ്മേളിക്കുന്ന അതേ പന്തലിൽവച്ച് നടത്താൻ സമ്മതം നൽകപ്പെട്ടു. എന്നാൽ ഈ ആനുകൂല്യംപോലും 1895-ൽ ബാലഗംഗാധരതിലകന്റെയും മറ്റു തീവ്രവാദി നേതാക്കളുടെയും സമ്മർദ്ദം കാരണം പിൻവലിക്കപ്പെടുകയാണുണ്ടായത്. രാഷ്ട്രീയപരിഷ്ക്കാരവും സാമൂഹ്യപരിഷ്ക്കാരവും തമ്മിൽ യാതൊരു ബന്ധവുമില്ലെന്നായിരുന്നു അവരുടെ അഭിപ്രായം. കോൺഗ്രസ്സിന്റെ പന്തൽ സോഷ്യൽ കോൺഫറൻസിനുവേണ്ടി ഉപയോഗിച്ചാൽ സംഘടന പിളരുമെന്ന് അവർ താക്കീതു നൽകുകയും ചെയ്തു.

---

6. James Kellock: Mahadev Govind Ranade, P. 19.
7. Dadabhai Navaroji: Presidential Address to the Second Session of the Congress.

# 5 സാമൂഹ്യപരിഷ്കാരത്തിന്റെ വ്യാപ്തി

റാനഡെ ഉൽഘാടനം ചെയ്ത സോഷ്യൽ കോൺഫറൻസിലെ നേതാക്കൾ അധികവും ഉയർന്ന ജാതികളിൽപെട്ട ഉൽബുദ്ധരായ ഹിന്ദുക്കളായിരുന്നു. സ്വാഭാവികമായും അവരുടെ പരിഷ്കാരം ഹിന്ദുസമൂഹത്തിലെ മേലേക്കിടയിലുള്ള വിഭാഗങ്ങളെ മാത്രം ബാധിക്കുന്നവയായിരുന്നു. വിധവാവിവാഹം, സ്ത്രീകളുടെ സ്വത്തവകാശം, സ്ത്രീവിദ്യാഭ്യാസം, ശൈശവ വിവാഹനിരോധനം, മിശ്രവിവാഹം തുടങ്ങിയ പരിഷ്കാരങ്ങളിലൂടെ ഹിന്ദുസമൂഹത്തെ പുനരുദ്ധരിക്കാനാണ് അവർ ശ്രമിച്ചത്. അവർ ജാതിവ്യവസ്ഥയ്ക്കെതിരായിരുന്നു. തൊട്ടുകൂടായ്മയും അതുമായി ബന്ധപ്പെട്ട മറ്റ് അവശതകളും നീക്കം ചെയ്തുകൊണ്ട് താണജാതിക്കാരെ ഉദ്ധരിക്കാൻ അവർ പ്രക്ഷോഭങ്ങൾ സംഘടിപ്പിക്കുകപോലും ചെയ്തു. എന്നാൽ, അവരുടെ പ്രവർത്തനങ്ങൾ ഭൂരിപക്ഷക്കാരായ ജനങ്ങളിൽ, പ്രത്യേകിച്ചും നൂറ്റാണ്ടുകളായി അടിമത്തത്തിലും നിരക്ഷതയിലും മർദ്ദനത്തിലും ആണ്ടുകിടന്നിരുന്ന ജനവിഭാഗങ്ങളിൽ, പെട്ടെന്ന് വലിയ സ്വാധീനമൊന്നും ചെലുത്തിയില്ല. താണജാതിക്കാരുടെ ഇടയിലേക്ക് സാമൂഹ്യപരിഷ്കരണ പ്രസ്ഥാനങ്ങൾ ഇറങ്ങിച്ചെന്നത് സാവധാനത്തിലാണ്. പത്തൊമ്പതാം നൂറ്റാണ്ടിന്റെ അവസാനത്തിൽ കേരളത്തിലെ ഈഴവർ, മഹാരാഷ്ട്രയിലെ മഹാർമാർ, മൈസൂരിലെ വൊക്കലിഗന്മാർ, ബംഗാളിലെ നാമശൂദ്രന്മാർ എന്നിങ്ങനെയുള്ള താണജാതിക്കാർക്കിടയിൽ അത്ഭുതപൂർവമായ ഒരു ഉണർവുണ്ടായി. ഈ പുതിയ ഉൽബുദ്ധതയുടെ പതാകാവാഹകർ തന്നെ തൊട്ടുകൂടാത്തവരായിരുന്നു എന്നതാണ് മുഖ്യമായ ഒരു സവിശേഷത. ഉദാഹരണത്തിന്, കേരളത്തിൽ ശ്രീനാരായണഗുരുവിന്റെ നേതൃത്വത്തിലാരംഭിച്ച പ്രസ്ഥാനം പരിശോധിക്കാം.

## 6 ശ്രീനാരായണഗുരു

നൂറുകണക്കിലുള്ള ജാതികളും ജാതിക്കുള്ളിലെ ജാതികളും ജാതിവിദ്വേഷവും തൊട്ടുകൂടായ്മയും തീണ്ടിക്കൂടായ്മയും മറ്റുപലതരം അനാചാരങ്ങളും ഏറ്റവും രൂക്ഷമായ രൂപങ്ങളിൽ നിലനിന്നിരുന്ന ഒരു കാലത്താണ്, 1854-ൽ ശ്രീനാരായണഗുരു ദക്ഷിണകേരളത്തിലെ ഒരു ഈഴവ കുടുംബത്തിൽ ജനിച്ചത്. ഈഴവർ തീണ്ടൽ ജാതിക്കാരായിരുന്നു. എന്നുവെച്ചാൽ, അവർക്ക് നമ്പൂതിരി, നായർ തുടങ്ങിയ ഉയർന്ന ജാതിക്കാരുടെ അടുത്ത് പോകാൻപോലും അധികാരമുണ്ടായിരുന്നില്ല. നമ്പൂതിരി നായരെ തൊട്ടാലേ ശുദ്ധം മാറൂ. എന്നാൽ, നമ്പൂതിരിയും നായരും ഈഴവന്റെ അടുത്തുപോയാൽ കുളിക്കണം. ഇത്തരം പ്രതികൂല സാഹചര്യങ്ങളെല്ലാമുണ്ടായിട്ടും ശ്രീനാരായണൻ മലയാളത്തിൽ മാത്രമല്ല, തമിഴ്, സംസ്കൃതം എന്നീ ഭാഷകളിലും വ്യുൽപ്പത്തി നേടുകയും ഗ്രന്ഥങ്ങൾ രചിക്കുകയും ചെയ്തു. മലയാളത്തിൽ തന്നെ അദ്ദേഹം മുപ്പതിലധികം പുസ്തകങ്ങളെഴുതിയിട്ടുള്ളതായി കാണുന്നു. അവയിൽ ചിലത് ഏതാനും ശ്ലോകങ്ങൾ മാത്രമടങ്ങിയ സുബ്രഹ്മണ്യാഷ്ടകം, ശിവാഷ്ടകം, ശരവണഭവസ്തോത്രം, അർധനാരീശ്വര സ്തോത്രം, ബാഹുലേയാഷ്ടകം തുടങ്ങിയ സ്തോത്രകൃതികളാണ്. മറ്റുചിലത് കൂടുതൽ ഗഹനങ്ങളായ ഈശാവാസ്യോപനിഷത്ത്, അദ്വൈതപ്രദീപിക, ആത്മോപദേശകം മുതലായ ദാർശനിക കൃതികളാണ്. അദ്ദേഹത്തിന് വേദാന്തത്തിൽ ഉറച്ച വിശ്വാസമാണുണ്ടായിരുന്നത് എന്ന് ഈ കൃതികൾ തെളിയിക്കുന്നു. ശങ്കരാചാര്യരോട് അദ്ദേഹത്തിന് വലിയ ബഹുമാനമുണ്ടായിരുന്നു. എന്നാൽ, അദ്ദേഹത്തിന്റെ വേദാന്തം കൂടുതൽ സ്വതന്ത്രവും കൂടുതൽ ലളിതവും കൂടുതൽ ജനകീയവുമായിരുന്നു. ആത്മോപദേശശതകം എന്ന കൃതിയിലെ രണ്ടാം ശ്ലോകത്തിൽ അന്തക്കരണങ്ങളും ഇന്ദ്രിയാദികളും അനേകങ്ങളായി കാണപ്പെടുന്ന ജഗത്തും എല്ലാം ചിന്മാത്രമായ ആത്മാവല്ലാതെ മറ്റൊന്നുമില്ലെന്ന് അദ്ദേഹം പ്രസ്താവിക്കുന്നു. [8] എല്ലാം അദ്വൈതമാണെങ്കിൽ മനുഷ്യരെല്ലാം ഒന്നാണെന്നും 'ഞാൻ' എന്ന ബോധം അജ്ഞതയിൽ നിന്നുടലെടുക്കുന്ന അഹന്ത മാത്രമാണെന്നും സമ്മതിക്കേണ്ടിവരും. [9] ഞാനും നീയും ഒന്നാണെന്നും 'അവൻ ഇവൻ തന്നെയാണ്' എന്നും മനസ്സിലാക്കണമെന്നു പറയുന്നതിന്റെ അർത്ഥം ഓരോ മനുഷ്യനും മറ്റുള്ളവരുടെ സുഖത്തിനുവേണ്ടി സജീവമായി പ്രവർത്തിക്കണം എന്നാണ്. [10]

---

8. കരണവുമിന്ദ്രിയവും കളേബരം തൊ-?
ട്ടറിയുമനേകജഗത്തു മോർക്കിലെല്ലാം
പരവെളി തന്നിലുയർന്ന ഭാനുമാൻ തൻ-
തിരുവുരുവാണു; തിരഞ്ഞുതേറിടേണം.
— നാരായണഗുരു: ആത്മോപദേശശതകം, ശ്ലോകം 2.

9. 'അഹ' 'മഹ'മെന്നരുളുന്നതൊക്കെയോരാ-
യുകിലകമേ പലതല്ല,തേകമാകും;
അകലുമഹന്തയനേകമാകയാലീ?
തുകയിലഹംപൊരുളും തുടർന്നിടുന്നു.
— ടി. ശ്ലോ. 11

10. അവനിലവനെന്നറിയുന്നതൊക്കെയോർത്താ-
ലവനിയിലാദിമമായൊരാത്മരൂപം;
അവരവരാത്മസുഖത്തിനാചരിക്കു-
ന്നവയപരന്നു സുഖത്തിനായ് വരേണം.
— ടി. ശ്ലോ. 24.

## 7 വേദാന്തത്തിന്റെ അർത്ഥം

ശ്രീനാരായണഗുരുവെ സംബന്ധിച്ചേടത്തോളം, വേദാന്തമെന്ന വെച്ചാൽ ആത്മാവിനുള്ളിൽ അഭയം തേടുക എന്നായിരുന്നില്ല. എല്ലാ മനുഷ്യരും ഒന്നാണെന്ന സന്ദേശം പ്രചരിപ്പിച്ചുകൊണ്ട് സാമൂഹ്യജീവിതത്തിൽ മാറ്റമുണ്ടാക്കുക, എന്നായിരുന്ന അർത്ഥം. ഈ വീക്ഷണഗതിയിൽ നിന്നാണ് "ഒരു ജാതി, ഒരു മതം, ഒരു ദൈവം മനുഷ്യന്!" എന്ന ധീരമായ പ്രഖ്യാപനം പുറപ്പെട്ടത്. 'ഒരു ജാതി' എന്നതിനർത്ഥം ഏതെങ്കിലുമൊരു പ്രത്യേകജാതി വേണമെന്നല്ല, എല്ലാ മനുഷ്യരും ഒരു ജാതിയാണ്, അതിനാൽ മനുഷ്യനെ മനുഷ്യനിൽ നിന്നകറ്റിനിർത്തുന്ന ജാതിവ്യവസ്ഥ അനാവശ്യവും അനർത്ഥകരവുമാണ്, എന്നത്രേ. എല്ലാ മനുഷ്യരും ഒരു ജാതിയാണെങ്കിൽപ്പിന്നെ മതവ്യത്യാസങ്ങളുടെ പേരിലുള്ള ഭിന്നിപ്പുകൾക്കും സ്ഥാനമില്ല. എല്ലാ മതങ്ങളുടെയും സാരം ഒന്നായിരിക്കേ വ്യത്യസ്തമതക്കാർ തമ്മിൽ കലഹിക്കുന്നതിന് എന്തർത്ഥമാണുള്ളത്? ജാതിമത വ്യത്യാസങ്ങളവസാനിപ്പിക്കുക എന്നതിന്റെ അർത്ഥം പ്രായോഗികജീവിതത്തിൽ മനുഷ്യനും മനുഷ്യനും തമ്മിലുള്ള വ്യത്യാസങ്ങളെ ഊന്നുന്ന എല്ലാ സാമൂഹ്യാനാചാരങ്ങൾക്കുമെതിരായി പോരാടുക എന്നാണ്. അതുകൊണ്ടാണ് നാരായണഗുരു ഉൽബോധിപ്പിച്ചത്: "മനുഷ്യരുടെ മതം, വേഷം, ഭാഷ മുതലായവ എങ്ങനെയിരുന്നാലും അവരുടെ ജാതി ഒന്നായതുകൊണ്ട് അന്യോന്യം പന്തിഭോജനവും വിവാഹവും ചെയ്യുന്നതിനു യാതൊരു ദോഷവുമില്ല". മതമേതായാലും മനുഷ്യൻ നന്നായാൽമതി എന്നദ്ദേഹം അഭിപ്രായപ്പെട്ടു. ഇത്തരം ഉൽബോധനങ്ങൾ ഒരേസമയത്തുതന്നെ നാശോന്മുഖമായ ഫ്യൂഡൽ സമൂഹത്തോടുള്ള ഒരു വെല്ലുവിളിയും ആധുനിക കാലഘട്ടത്തിനനുയോജ്യമായ ഒരു പുതിയ സംസ്കാരം കെട്ടിപ്പടുക്കാനുള്ള ആഹ്വാനവുമായിരുന്നു.

കേരളത്തിലെ ജനങ്ങൾ എണ്ണമറ്റ ദേവന്മാരെയും ദേവിമാരെയും ആരാധിച്ചിരുന്നു. താണ ജാതിക്കാർക്കും ജാതിയിൽ നിന്നു ഭ്രഷ്ടരാക്കപ്പെട്ടവർക്കും അവരുടേതായ സ്വന്തം ദൈവങ്ങളുണ്ടായിരുന്നു. കള്ള്, കോഴിയിറച്ചി മുതലായവയായിരുന്നു ആ ദൈവങ്ങൾക്കു നൽകപ്പെട്ട നിവേദ്യങ്ങൾ. ഇത്തരം പൂജാവിധികളെ നാരായണഗുരു നിരുത്സാഹപ്പെടുത്തി. എണ്ണമറ്റ ദൈവങ്ങളെ ആരാധിക്കുന്നതു തെറ്റാണെന്നും ഒരൊറ്റ ദൈവമേ ഉള്ളൂ എന്നും ആ ഏകദൈവത്തെയാണ് ജാതിമതഭേദമന്യേ എല്ലാവരും ധ്യാനിക്കേണ്ടതെന്നും അദ്ദേഹം ഉൽബോധിപ്പിച്ചു. ഏകദൈവ വിശ്വാസത്തിന്റെ അടിസ്ഥാനത്തിൽ ജനങ്ങളെയാകെ യോജിപ്പിക്കാനാണ് അദ്ദേഹം ശ്രമിച്ചത്.

എന്നാൽ, ബംഗാളിൽ റാം മോഹൻ റായ് ചെയ്തതുപോലെ വിഗ്രഹാരാധനയെ നേരിട്ടെതിർക്കാൻ അദ്ദേഹം മുതിരുകയുണ്ടായില്ല. നേരെമറിച്ച് ജാതിഭേദം കൂടാതെ എല്ലാവർക്കും ഒന്നിച്ചിരുന്ന് ആരാധന നടത്താൻ പറ്റിയ ക്ഷേത്രങ്ങൾ സ്ഥാപിക്കാൻ മുൻകൈയെടുക്കുകയാണ് ചെയ്തത്. ആദ്യമായി അരുവിപ്പുറത്തു സ്ഥാപിക്കപ്പെട്ട ക്ഷേത്രത്തിൽ എഴുതിവെച്ച ഒരു ശ്ലോകം അദ്ദേഹത്തിന്റെ ഉദ്ദേശ്യം വ്യക്തമാക്കുന്നുണ്ട്. [11] അക്കാലത്ത് ബ്രാഹ്മണർക്കു മാത്രമേ ക്ഷേത്രങ്ങൾ പ്രതിഷ്ഠിക്കാൻ അധികാരമുണ്ടായിരുന്നുള്ളൂ. തൊട്ടുകൂടാത്തവരും തീണ്ടിക്കൂടാത്തവരുമായി പരിഗണിക്കപ്പെട്ട താഴ്ന്ന ജാതിക്കാർക്ക് ക്ഷേത്രങ്ങളിൽ പ്രവേശിക്കാൻ പോലും സ്വാതന്ത്ര്യമുണ്ടായിരുന്നില്ല. ഈ സാഹചര്യം മനസ്സിലാക്കിയാൽ മാത്രമേ ശ്രീനാരായണഗുരു സ്വന്തം കൈകൾ കൊണ്ട് ക്ഷേത്രങ്ങൾ പ്രതിഷ്ഠിക്കാനൊരുങ്ങിയതിന്റെ പ്രാധാന്യം വ്യക്തമാവുകയുള്ളൂ. യാഥാസ്ഥിതികന്മാരായ മേൽജാതിക്കാർ അദ്ദേഹത്തിന്റെ സംരംഭത്തെ പുച്ഛിക്കുകയും എതിർക്കുകയും ചെയ്തു. പക്ഷേ, ഈഴവർ തുടങ്ങിയ താണജാതിക്കാരെ അത് ആവേശഭരിതരാക്കി. ആദ്യമൊക്കെ ജനങ്ങൾക്കിഷ്ടമുള്ള വിഗ്രഹം വെച്ചുപൂജിക്കുകയായിരുന്നു പതിവ്. പിന്നീട് യാതൊരു വിഗ്രഹവുമില്ലാത്ത പുതിയതരം ക്ഷേത്രങ്ങളും പ്രതിഷ്ഠിക്കപ്പെട്ടു.

---

11. ജാതിഭേദം മതദ്വേഷ-
മേതുമില്ലാതെ സർവരും
സോദരത്വേന വാഴുന്ന
മാതൃകാസ്ഥാനമാണിത്.
— നാരായണഗുരു.

# 8 നാട്ടുവാഴിത്തത്തിനെതിരായ ഉൽബുദ്ധത

ജാതിമതഭേദങ്ങളെ എതിർക്കുക മാത്രമല്ല നാരായണ ഗുരു ചെയ്തത്. ആധുനികവിദ്യാഭ്യാസത്തെയും ആധുനികസംസ്കാരത്തെയും അദ്ദേഹം പ്രോത്സാഹിപ്പിച്ചു. രാജ്യത്തിന്റെ അഭിവൃദ്ധിക്ക് വ്യവസായങ്ങൾ സ്ഥാപിക്കണമെന്ന് അദ്ദേഹം ആവശ്യപ്പെട്ടു. കേരളത്തിലെ ആദ്യത്തെ വ്യവസായപ്രദർശനം അദ്ദേഹത്തിന്റെ ആഭിമുഖ്യത്തിലാണ് നടത്തപ്പെട്ടത്.

നാട്ടുവാഴിത്ത ഘടനയ്ക്കെതിരായ ഇത്തരം പ്രസ്ഥാനങ്ങൾ സമുദായത്തിന്റെ തലപ്പത്തിരിക്കുന്നവരെ അരിശം കൊള്ളിച്ചു. പക്ഷേ, അവരുടെ എതിർപ്പുകളെ കൂട്ടാക്കാതെ നാരായണഗുരു നാടിന്റെ നാനാഭാഗങ്ങളിലും ചുറ്റി സഞ്ചരിച്ചുകൊണ്ട് തന്റെ സന്ദേശം പ്രചരിപ്പിച്ചു.

ഉയർന്ന ജാതികളിൽപ്പെട്ട ഉൽബുദ്ധരായ ജനവിഭാഗങ്ങൾ നാരായണഗുരുവിന്റെ പരിഷ്കരണപ്രസ്ഥാനങ്ങളെ സ്വാഗതം ചെയ്തു. എങ്കിലും, അദ്ദേഹത്തിന് മുഖ്യമായ പിന്തുണ നൽകിയത് താണജാതിക്കാരാണ്, പ്രത്യേകിച്ചും ഈഴവരാണ്. പക്ഷേ, ഇതിന്റെ അർത്ഥം അദ്ദേഹത്തിന്റെ പ്രസ്ഥാനം വിഭാഗീയമായിരുന്നു എന്നല്ല. നേരേമറിച്ച്, എല്ലാത്തരം വിഭാഗീയതകൾക്കുമെതിരായി ഇന്ത്യയിലൊട്ടുക്കും പരന്നുപിടിച്ചുകൊണ്ടിരുന്ന സാമൂഹ്യപരിഷ്കരണ പ്രസ്ഥാനങ്ങളുടെ അവിഭാജ്യഘടകമായിരുന്നു അത്. നാരായണഗുരുവിന്റെ ഈ പ്രസ്ഥാനമാണ് കേരളത്തിലെ ദേശീയപ്രസ്ഥാനത്തിന് സാമൂഹ്യമായ ഒരു ഉള്ളടക്കം നൽകിയത്. നാരായണഗുരു തീർച്ചയായും ഒരു മതവിശ്വാസിയായിരുന്നു. മതത്തിന്റെ പരിവേഷമണിഞ്ഞുകൊണ്ടാണ് അദ്ദേഹത്തിന്റെ പ്രസ്ഥാനം മുന്നേറിയത്. പക്ഷേ, അത് കേരളത്തിലെ ജനങ്ങളുടെ ഫ്യൂഡൽ വിരുദ്ധപ്രക്ഷോഭങ്ങളിൽ ഒരു വലിയ പങ്കു വഹിച്ചു എന്ന വസ്തുത നിഷേധിക്കാൻ വയ്യ.

# 9 ദയാനന്ദസരസ്വതിയും ആര്യസമാജവും

ആര്യസമാജത്തിന്റെ സ്ഥാപകനായ ദയാനന്ദസരസ്വതിയുടെ ചിന്താഗതി രാജാ റാം മോഹൻ റായ്, റാനഡെ തുടങ്ങിയ ആധുനികപരിഷ്കർത്താക്കളുടേതിൽ നിന്ന് വ്യത്യസ്തമായിരുന്നു. അദ്ദേഹം ദേശീയൈക്യത്തിനു വേണ്ടി വാദിച്ചു. എന്നാൽ, അദ്ദേഹത്തിന്റെ അഭിപ്രായത്തിൽ ദേശീയൈക്യം കൈവരണമെങ്കിൽ ഇന്ത്യയിൽ ജീവിക്കുന്ന എല്ലാ ജനവിഭാഗങ്ങളും ഹിന്ദുമതത്തെയും വേദങ്ങളുടെ ആധികാരികതയെയും അംഗീകരിക്കണം. മുസ്ലീങ്ങളെയും ക്രിസ്ത്യാനികളെയും ആര്യ സംസ്കാരത്തിന്റെ ശത്രുക്കളായിട്ടാണ് അദ്ദേഹം കണക്കാക്കിയത്. അതുകൊണ്ട് അവർക്ക് ദേശീയൈക്യം എന്ന സങ്കൽപ്പത്തിൽ യാതൊരു സ്ഥാനവുമില്ല. 'സത്യാർത്ഥപ്രകാശം' എന്ന തന്റെ ഗ്രന്ഥത്തിൽ അദ്ദേഹം ബുദ്ധമതം, ജൈനമതം, ഇസ്ലാംമതം, ക്രിസ്തുമതം എന്നിവയെല്ലാം കള്ളമതങ്ങളാണെന്നും അവയിലടങ്ങിയ വീക്ഷണഗതികളെ ആര്യസംസ്കാരവുമായി ഇണക്കിച്ചേർക്കാനുള്ള ശ്രമങ്ങൾ അപായകരങ്ങളാണെന്നും അഭിപ്രായപ്പെട്ടു. പ്രാർത്ഥനാസമാജത്തിലെയും ബ്രഹ്മസമാജത്തിലെയും സാമൂഹ്യപരിഷ്കർത്താക്കളെ അദ്ദേഹം കഠിനമായി ആക്ഷേപിച്ചു. അദ്ദേഹം എഴുതി: "ഈ സമാജങ്ങളിൽപ്പെട്ട ആളുകൾക്ക് ദേശസ്നേഹം കുറവാണ്. പല കാര്യങ്ങളിലും അവർ ക്രിസ്ത്യാനികളെ അനുകരിക്കുകയാണ് ചെയ്യുന്നത്. വിവാഹം, മിശ്രവിവാഹം മുതലായവയെ സംബന്ധിച്ചുള്ള നിയന്ത്രണവ്യവസ്ഥകൾ പോലും അവർ മാറ്റിയിരിക്കുന്നു… അവർ യാതൊരു വകതിരിവുമില്ലാതെ തിന്നുകയും കുടിക്കുകയും ചെയ്യുന്നു. യൂറോപ്യന്മാർ, മുഹമ്മദീയർ, ജാതിയിൽ നിന്നും ഭ്രഷ്ടരാക്കപ്പെട്ടവർ മുതലായവരുടെ കൂടെയിരുന്നുകൊണ്ടു പോലും അവർ തിന്നുകയും കുടിക്കുകയും ചെയ്യുന്നു". [12]

ദയാനന്ദസരസ്വതി ക്രിസ്തു, മുഹമ്മദ് തുടങ്ങിയ പ്രവാചകന്മാരുടെ ഉൽബോധനങ്ങളെ മാത്രമല്ല, മധ്യകാലഘട്ടത്തിൽ ഇന്ത്യയുടെ സാംസ്കാരികപാരമ്പര്യത്തെ പുഷ്ടിപ്പെടുത്തിയ കബീർ, നാനാക്ക്, ചൈതന്യൻ തുടങ്ങിയ ഭക്തിപ്രസ്ഥാന നേതാക്കന്മാരുടെ ആദർശങ്ങളെപ്പോലും അധിക്ഷേപിച്ചു. ബ്രഹ്മസമാജത്തെ എതിർക്കാൻ അദ്ദേഹം പറഞ്ഞ ഒരു കാരണം ഇതായിരുന്നു: "ബ്രഹ്മസമാജത്തിന്റെ വിശുദ്ധഗ്രന്ഥത്തിൽ ക്രിസ്തുവിനെയും മോസസ്സിനെയും മുഹമ്മദിനെയും നാനാക്കിനെയും ചൈതന്യനെയും പുണ്യപുരുഷന്മാരുടെ കൂട്ടത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. എന്നാൽ, പ്രാചീനകാലത്തെ മഹർഷിമാരുടെയും യോഗിവര്യന്മാരുടെയും കൂട്ടത്തിൽ നിന്ന് ഒരൊറ്റ പേർ പോലുമില്ല. തങ്ങളുടെ വിശുദ്ധഗ്രന്ഥത്തിൽ പുണ്യപുരുഷന്മാരെന്ന് രേഖപ്പെടുത്തപ്പെട്ട ആളുകൾ പഠിപ്പിച്ച അതേ വിശ്വാസങ്ങൾ തന്നെയാണ് അവർക്കും ഉണ്ടായിരുന്നതെന്ന് ഇതിൽ നിന്ന് അനുമാനിക്കാം". [13]

---

12. Swami Dayananda Saraswathi: The Light of Truth, PP. 432–33.
13. Ibid. P. 482.

## 10 വേദങ്ങളിലേക്കു മടങ്ങുക!

"വേദങ്ങളിലേക്കു മടങ്ങുക" എന്ന പുനരുദ്ധാനമുദ്രാ വാക്യം കൊണ്ട് ജനങ്ങളുടെ ദേശാഭിമാനത്തെ തട്ടിയുണർത്താനാണ് ദയാനന്ദനും അദ്ദേഹം 1875-ൽ സ്ഥാപിച്ച ആര്യസമാജവും പരിശ്രമിച്ചത്. വേദങ്ങൾ ദൈവത്തിൽ നിന്നുണ്ടായവയാണെന്നും അതിനാൽ അവ കുറ്റമറ്റവയാണെന്നും അദ്ദേഹം വിശ്വസിച്ചു. അവയിൽ ഭൂതകാലത്തിലെ ജ്ഞാനം മാത്രമല്ല, ഭാവിയിലെ ജ്ഞാനവും അടങ്ങിയിട്ടുണ്ടെന്ന് അദ്ദേഹം ഊന്നിപ്പറഞ്ഞു. വേദങ്ങൾ അംഗീകരിക്കുകയെന്നുവെച്ചാൽ സത്യം മുഴുവനും അംഗീകരിക്കുക എന്നാണർത്ഥം. വേദവാക്യങ്ങളും യുക്തിവിചാരവും തമ്മിൽ വൈരുദ്ധ്യമുണ്ടാകുന്ന ഘട്ടങ്ങളിൽ റാം മോഹൻ റായിയും റാനഡെയും യുക്തിയെ ആശ്രയിക്കാനാണ് ഇഷ്ടപ്പെട്ടിരുന്നത്. ദയാനന്ദസരസ്വതിയാകട്ടെ, ഏതു പ്രശ്നത്തിലും അന്തിമ വിധി നൽകുന്നത് വേദങ്ങളാണെന്നു വിശ്വസിച്ചു. തന്റെ വിശ്വാസപ്രമാണത്തെ അദ്ദേഹം ഇങ്ങനെ വിശദീകരിച്ചു: "ജ്ഞാനത്തിന്റെയും മതപരമായ സത്യങ്ങളുടെയും ഉറവിടമായ നാലു വേദങ്ങൾ ദൈവത്തിന്റെ വാക്കാണെന്ന് ഞാൻ വിശ്വസിക്കുന്നു. മന്ത്രസംഹിത എന്നറിയപ്പെടുന്ന ഭാഗം മാത്രമാണവ. തെറ്റായ യാതൊന്നും അവയിലില്ല. തികച്ചും ആധികാരികങ്ങളാണവ. മറ്റൊരുവിധം പറഞ്ഞാൽ, അവയുടെ ആധികാരികത തെളിയിക്കാൻ മറ്റൊരു ഗ്രന്ഥത്തിന്റെയും ആവശ്യമില്ല. സൂര്യനോ വിളക്കോ അതിന്റെ വെളിച്ചംകൊണ്ട് പ്രപഞ്ചത്തിലെ ഭൂമി തുടങ്ങിയ വസ്തുക്കളെയെന്നപോലെ സ്വന്തം പ്രകൃതിയെയും വെളിപ്പെടുത്തുന്നു. അതുപോലെയാണ് വേദങ്ങളും". [14]

റാം മോഹൻ റായിയും മറ്റു സാമൂഹ്യപരിഷ്കർത്താക്കളും ജാതിമതവ്യത്യാസങ്ങളെ എതിർത്തപ്പോൾ ദയാനന്ദ സരസ്വതി പഴയ ജാതികർമ്മങ്ങളെയും കാലഹരണപ്പെട്ട ചാതുർവർണ്യത്തെയും വർണ്ണവ്യവസ്ഥയിലെ ആചാരങ്ങളെയും പുനരുജ്ജീവിപ്പിക്കാനാണ് ശ്രമിച്ചത്. വർണ്ണവ്യവസ്ഥയെക്കുറിച്ചുള്ള അപസ്തംഭ സൂത്രങ്ങളിലെ വാദഗതി അദ്ദേഹത്തിന് സ്വീകാര്യമായിരുന്നു. ഈ സൂത്രങ്ങൾ പ്രകാരം, "താണവർഗ്ഗത്തിൽപ്പെട്ട ഒരാൾ ധാർമ്മികജീവിതം നയിക്കുകയാണെങ്കിൽ ഉയർന്ന വർഗ്ഗത്തിന്റെ നിലവാരത്തിലേക്ക് ഉയർന്നേക്കാം. ആ പദവി അയാൾക്ക് ലഭിക്കുകയും വേണം. അതുപോലെ പാപപങ്കിലമായ ജീവിതമാണ് നയിക്കുന്നത് എങ്കിൽ താണവർഗ്ഗത്തിന്റെ നിലവാരത്തിലേക്ക് അധഃപതിക്കുകയും ചെയ്യും. അയാളെ താണവർഗ്ഗക്കാരനായി കണക്കാക്കേണ്ടതുമാണ്". പക്ഷേ, ധാർമ്മികജീവിതം എന്നുവെച്ചാൽ ഓരോ വ്യക്തിയും സ്വന്തം വർണ്ണത്തിനു വിധിക്കപ്പെട്ട കർമ്മങ്ങൾ ചെയ്യുകയും മറ്റു വർണ്ണങ്ങളുമായി കൂടിക്കലരാതിരിക്കുകയും ചെയ്യുക എന്നാണർത്ഥം. അതുകൊണ്ട് മേൽപ്പറഞ്ഞ സൂത്രങ്ങളെ ദയാനന്ദൻ ഇങ്ങനെ വ്യാഖ്യാനിക്കുന്നു: "ഈ നിയമം നടപ്പാക്കേണ്ടത് ഓരോ വർണ്ണത്തിന്റെയും കലർപ്പുചേരാത്ത പരിശുദ്ധിയെ കാത്തുരക്ഷിച്ചുകൊണ്ടാണ്. ഓരോ വർണ്ണവും അതിലെ അംഗങ്ങളാവാനാവശ്യമായ എല്ലാ യോഗ്യതകളോടും കൂടിയ വ്യക്തികളടങ്ങിയതാണ്. എന്നുവെച്ചാൽ, ക്ഷത്രിയനോ വൈശ്യനോ ശൂദ്രനോ ബ്രാഹ്മണവർഗ്ഗത്തിലേക്ക് പ്രവേശിക്കാനോ ബ്രാഹ്മണനെന്ന നിലയ്ക്ക് ജീവിതം നയിക്കാനോ അനുവാദമില്ല. അതുപോലെ ക്ഷത്രിയൻ, വൈശ്യൻ, ശൂദ്രൻ എന്നീ വർണ്ണങ്ങൾ കലർപ്പു കൂടാതെ നിലനിൽക്കണം. ചുരുക്കത്തിൽ, വർണ്ണങ്ങളുടെ സമ്മിശ്രം പാടില്ല. പരസ്പരം കൂടിക്കലരാതിരുന്നാൽ യാതൊരു വർണ്ണവും അധഃപതിക്കുകയോ പൊതുജനദൃഷ്ടിയിൽ അധിക്ഷേപാർഹമായിത്തീരുകയോ ചെയ്യുകയില്ല". [15] വ്യത്യസ്ത വർണ്ണങ്ങളിൽ പെട്ടവർ തമ്മിലുള്ള വിവാഹബന്ധങ്ങൾക്കെതിരായി ദയാനന്ദൻ തന്റെ ശബ്ദമുയർത്തി. ഓരോ വ്യക്തിയും സ്വന്തം വർണ്ണത്തിൽപ്പെട്ടവരെ മാത്രമേ വിവാഹം കഴിക്കാൻ പാടുള്ളൂ എന്ന് അദ്ദേഹം ഉറപ്പിച്ചുപറഞ്ഞു. എന്തുകൊണ്ടെന്നാൽ, "അങ്ങനെയായാലേ, അങ്ങനെയായാൽ മാത്രമേ, ജനങ്ങൾ താന്താങ്ങളുടെ വർണ്ണങ്ങൾക്കു വിധിക്കപ്പെട്ട ചുമതലകൾ വിശ്വാസപൂർവ്വം നിർവഹിക്കുകയും അങ്ങനെ പൂർണ്ണമായ രഞ്ജിപ്പ് കൈവരുത്തുകയും ചെയ്യുകയുള്ളൂ". [16]

---

14. Ibid, P. 657.
15. Ibid, P. 89.
16. Ibid, P. 90.

## 11 സങ്കുചിതദേശീയത്വം

എന്നാൽ, യാഥാസ്ഥിതിക പുരോഹിതന്മാരുടെ എല്ലാ വാദങ്ങളും വകവെച്ചു കൊടുക്കാൻ ദയാനന്ദസരസ്വതി തയ്യാറായിരുന്നില്ല. ഹിന്ദുമതത്തെ പുനരുദ്ധരിക്കണമെങ്കിൽ ചില മാറ്റങ്ങൾ ആവശ്യമാണെന്ന് അദ്ദേഹം മനസ്സിലാക്കിയിരുന്നു. ഉദാഹരണത്തിന്, അനേകം ദൈവങ്ങളെ പൂജിക്കുന്നതു ശരിയല്ലെന്ന് അദ്ദേഹം അഭിപ്രായപ്പെട്ടു. എല്ലാ ഹിന്ദുക്കളും സൃഷ്ടിസ്ഥിതി സംഹാരങ്ങളുടെ കർത്താവായ ഏകദൈവത്തിൽ വിശ്വസിക്കണമെന്ന് അദ്ദേഹം ഉൽബോധിപ്പിച്ചു. ദൈവം നിരാകാരനാണ്. അതുകൊണ്ട് വിഗ്രഹാരാധനയെ അദ്ദേഹം നിരാകരിച്ചു. വൈദികധർമ്മങ്ങൾക്കു പൊരുത്തപ്പെടാത്ത ചില സാമൂഹ്യാചാരങ്ങളെയും അദ്ദേഹം എതിർത്തു. സ്ത്രീകളുടെയും താണ ജാതിക്കാരായ ഹിന്ദുക്കളുടെയും പദവി ഉയർത്താൻ വേണ്ടി അവർക്ക് വിദ്യാഭ്യാസം നൽകണമെന്ന് അദ്ദേഹം ആവശ്യപ്പെട്ടു. എന്നാൽ, ഇത്തരം പരിഷ്ക്കാരങ്ങളുടെ ഉന്നം ഹിന്ദുമതത്തെ കൂടുതൽ സുശക്തമാക്കുക എന്നതായിരുന്നു. ആര്യസമാജം ദയാനന്ദന്റെ നേതൃത്വത്തിൽ ഹിന്ദുക്കളുടെ ഏകീകരണത്തിനുവേണ്ടി മാത്രമല്ല, മറ്റു മതക്കാരെ ഹിന്ദുമതത്തിലേക്ക് പരിവർത്തനം ചെയ്യുവാനും പരിശ്രമങ്ങൾ നടത്തി. മതപരിവർത്തനത്തിനു വേണ്ടിയുള്ള പ്രചാരവേലകൾ മുസ്ലീങ്ങൾക്കും ക്രിസ്ത്യാനികൾക്കുമിടയിൽ എതിർപ്പുകളുളവാക്കി. രാജ്യത്തിന്റെയും ജനങ്ങളുടെയും പൊതുതാൽപ്പര്യങ്ങൾക്കു വേണ്ടിയുള്ള യോജിച്ച സമരങ്ങൾക്ക് ഇത് തടസ്സമായിത്തീർന്നു. നെഹ്റുവിന്റെ അഭിപ്രായത്തിൽ, ആര്യസമാജം "നിശ്ചലവും പ്രതിരോധാത്മകവുമായ ഹിന്ദുമതത്തെ അക്രമണാത്മകമായ ഒരു മിഷനറിമതമാക്കാനുള്ള ശ്രമമായിരുന്നു. ഹിന്ദുമതത്തെ പുനരുജ്ജീവിപ്പിക്കുകയായിരുന്നു അതിന്റെ ഉദ്ദേശ്യം. ദേശാഭിമാനത്തിന്റെ നിറമാണ് ഈ പ്രസ്ഥാനത്തിന് അല്പം ശക്തി നൽകിയത്. ശരിക്കുപറഞ്ഞാൽ, ഹിന്ദുദേശീയത്വത്തിന്റെ തലപൊക്കലായിരുന്നു അത്. ഹിന്ദു ദേശീയത്വമായതുകൊണ്ടു തന്നെ അതിന് ഇന്ത്യൻ ദേശീയത്വമായിത്തീരാൻ വിഷമം നേരിടുകയും ചെയ്തു". [17]

ആര്യസമാജം ആരംഭം മുതൽക്കേ ദേശീയപ്രബുദ്ധതയുടെ ഒരു സങ്കുചിതഭാവത്തെയാണ് പ്രതിനിധാനം ചെയ്തത്. കോളനിമേധാവിത്വത്തിനെതിരായ നിലപാടുകൾ മാത്രമല്ല, ഇസ്ലാമികവിരുദ്ധവും ക്രൈസ്തവവിരുദ്ധവുമായ പരിപാടികളും അത് സ്വീകരിച്ചു. എങ്കിലും, ഹിന്ദുക്കളിലൊരു വിഭാഗത്തെ, പ്രത്യേകിച്ചും ഇടത്തരക്കാരെ, ആവേശഭരിതരാക്കുവാനും ധാരാളം ദേശാഭിമാനികളെ സ്വന്തം സരണിയിലേക്ക് ആകർഷിക്കുവാനും അതിനു കഴിഞ്ഞു. പക്ഷേ, ഹിന്ദുമതത്തിന്റെ എല്ലാ വശങ്ങളെയും കാത്തുരക്ഷിക്കാനും മറ്റെല്ലാ വിശ്വാസപ്രമാണങ്ങളെയും എതിർക്കാനും ശ്രമിച്ചതുകൊണ്ട് അത് ദേശീയപ്രബുദ്ധതയെ പരിമിതമാക്കുകയാണ് ചെയ്തത്. ദേശീയൈക്യത്തോടുള്ള അതിന്റെ വിഭാഗീയമായ സമീപനവും മുസ്ലീങ്ങളോടും ക്രിസ്ത്യാനികളോടുമുള്ള വിരോധവും സാമൂഹ്യരാഷ്ട്രീയ പ്രസ്ഥാനങ്ങളുടെ മുന്നേറ്റത്തെ തടസ്സപ്പെടുത്തുകയാണ് ചെയ്തത്.

---

17. Jawaharlal Nehru: Glimpses of World History, P. 436.

## 12 ബ്രഹ്മവിദ്യാസംഘം

ഈ കാലഘട്ടത്തിലെ മറ്റൊരു പുനരുത്ഥാനപ്രസ്ഥാന മാണ് 1882-ൽ മദിരാശിയിൽ സ്ഥാപിതമായ തിയോ സഫിക്കൽ സൊസൈറ്റി അഥവാ, ബ്രഹ്മവിദ്യാസം ഘം. നിഗൂഢങ്ങളും ഇന്ദ്രിയാതീതങ്ങളുമായ മാന്ത്രിക ശക്തികൾ അവകാശപ്പെട്ട മദാംബ്ലവാത്സ്കിയെന്ന ഏഷ്യൻ വനിതയും അവരുടെ അമേരിക്കൻ സ്നേഹി തൻ കേണൽ ഓൽക്കോട്ടും കൂടിയാണ് ഈ പ്രസ്ഥാ നമാരംഭിച്ചത്. താൻ ഇത്തരമൊരു സംരംഭത്തിനൊ രുങ്ങിയത് തിബത്തിലെങ്ങോ ഉള്ള അദൃശ്യരായ ചില ഗുരുവരന്മാരുടെ കല്പനയനുസരിച്ചാണ് എന്ന് മദാം ബ്ലവാത്സ്കി അവകാശപ്പെടുകയുണ്ടായി. അവർക്ക് തന്റെ നിഗൂഢമായ ആത്മീയശക്തി കൊണ്ട് ആ ഗുരുവ രന്മാരുമായി സമ്പർക്കം പുലർത്താനും അവരിൽനിന്ന് രഹസ്യസന്ദേശങ്ങൾ വരുത്തുവാനും സാധിച്ചിരുന്നുവ ത്രേ. തീയോസഫിക്കൽ സൊസൈറ്റി മതപ്രചരണ ത്തോടൊപ്പം നിഗൂഢമായ ഒരുതരം മന്ത്രവാദവും കൊ ണ്ടുനടന്നു. മദാംബ്ലവാത്സ്കി തന്റെ ചില "അത്ഭുതസി ദ്ധികൾ" പ്രയോഗിച്ചുകൊണ്ട് ദൃശ്യപ്രപഞ്ചത്തിനപ്പു റത്തുള്ള ആദ്ധ്യാത്മികരഹസ്യങ്ങളെക്കുറിച്ചും ഭൂതപ്രേതാ ദികളെക്കുറിച്ചും ജനങ്ങൾക്കിടയിൽ പ്രചാരവേലകൾ നടത്താൻ തുടങ്ങി. മൂഢചിത്തരായ ജനങ്ങളെ ആകർ ഷിക്കാനും ചുറ്റുമുള്ള പലരെയും ബ്രഹ്മവിദ്യാസം ഘത്തിന്റെ പ്രവർത്തകന്മാരാക്കി അണിനിരത്താനും അവർക്കു സാധിച്ചു. സ്വാമി വിവേകാനന്ദന്റെ അഭിപ്രാ യത്തിൽ, അമേരിക്കയുടെ ആദ്ധ്യാത്മികാശയങ്ങളെ ഇന്ത്യയുടെ മേൽ വെച്ചുകെട്ടാനുള്ള ഒരു ശ്രമമായിരു ന്നു ഇത്. "പാശ്ചാത്യരാജ്യങ്ങളിലെ അഭ്യസ്തവിദ്യരായ ജനങ്ങളുടെ മനസ്സിൽ ഭാരതീയചിന്ത, പണ്ഡിതമ്മന്യ ത്വം, ഉള്ളംകൈയിൽ നിന്ന് മാങ്ങയെടുത്തു കാണിക്കു ന്ന ഫക്കീർ വിദ്യകൾ മുതലായവയെല്ലാം ഒന്നിച്ചു കൂടി ക്കലർന്നാണ് കിടന്നിരുന്നത്. ഇതു മാത്രമാണ് ബ്രഹ്മ വിദ്യാസംഘക്കാർ ഹിന്ദുമതത്തിന് നൽകിയ സഹാ യം". [18]

ഇതിനെപ്പറ്റി ഡി. എസ്. ശർമ്മയ്ക്ക് രസകരമായ ഒരു കഥ പറയാനുണ്ട്: "നിഗൂഢതയിൽ നിന്ന് പ്രത്യക്ഷപ്പെ ടുന്ന കത്തുകൾ കാണിക്കുക, ശൂന്യതയിൽ നിന്ന് ചില ഭൗതികവസ്തുക്കൾ ഉണ്ടാക്കുക, ആത്മീയഗുരുക്കളിൽ നിന്ന് രഹസ്യസന്ദേശങ്ങൾ നേടുക മുതലായവയാണ് ഇവയിൽ ചില പ്രതിഭാസങ്ങൾ. ഈ പ്രതിഭാസങ്ങളും കത്തുകളും മറ്റും ശരിക്കുള്ളവയാണെന്നാണ് ബ്രഹ്മവി ദ്യാസംഘക്കാർ വിശ്വസിച്ചത്. എന്നാൽ, അവയുടെ ഉറവിടത്തെപ്പറ്റി ചിലർ സംശയം പ്രകടിപ്പിക്കാൻ തുട ങ്ങി. അങ്ങനെയാണ് ലണ്ടനിലെ ഫിസിക്കൽ റിസർച്ച് സൊസൈറ്റി ഈ വസ്തുതകളെപ്പറ്റി അന്വേഷിച്ച് ഒരു റിപ്പോർട്ടയക്കാൻ റിച്ചാർഡ് ഹോഡ്ഗ്സൻ എന്നൊ രാളെ നിയോഗിച്ചയച്ചത്. അദ്ദേഹം ഇന്ത്യയിൽ വന്ന് തെളിവുകൾ ശേഖരിക്കുകയും സാക്ഷികളെ വിസ്തരിക്കു കയും ചെയ്തു. അദ്ദേഹം റിപ്പോർട്ടു ചെയ്തത് ഈ കത്തു കളെല്ലാം മദാം ബ്ലവത്സ്കി തന്നെ കെട്ടിച്ചമച്ചവയാ ണ് എന്നത്രേ! ബ്ലവാത്സ്കി ഒരു നാട്യക്കാരിയും കൗ ശലക്കാരിയും ആണെന്നും ഓൽക്കോട്ടും മറ്റും അവരു ടെ വലയിൽ കുടുങ്ങുകയാണുണ്ടായതെന്നും അദ്ദേഹം അറിയിച്ചു. ഈ ഘട്ടത്തിൽ, നിർഭാഗ്യവശാൽ, മദാം ബ്ല വാത്സ്കി രോഗബാധിതയായി പെട്ടെന്ന് ഇന്ത്യവിട്ടു പോവാൻ നിർബന്ധയായി". [19]

---

18. Swami Vivekanda: Collected Works, Vol. IV. PP. 263–65.
19. D. S. Sarma: Hinduism Through the Ages, P. 114.

# 13 ആനിബസന്റ്

എന്നാൽ, ഇന്ത്യ വിട്ടതിനുശേഷവും മദാം വെറുതെയിരുന്നില്ല. അവർ ഇംഗ്ലണ്ടിൽ സ്ഥിരതാമസമാക്കി "അർഹരായ ശിഷ്യന്മാർക്ക്" രഹസ്യമായി മന്ത്രവാദപാഠങ്ങൾ പഠിപ്പിച്ചു കൊടുക്കാൻ തുടങ്ങി. ഈ കാലഘട്ടത്തിലാണ് യുക്തിവാദം, സ്വതന്ത്രചിന്ത, ഫാബിയൻ പ്രക്ഷോഭങ്ങൾ മുതലായവയിലൂടെ സുപ്രസിദ്ധയായിത്തീർന്ന ഐറിഷ് വനിത മിസിസ്സ് ആനിബസന്റ് മനസ്സ് മാറി മദാം ബ്ലവാത്സ്ക്കിയുടെ ശിഷ്യയായിത്തീർന്നത്. തിയോസഫി പ്രചരിപ്പിക്കുകയെന്ന ഉദ്ദേശ്യത്തോടെ അവർ 1863-ൽ ഇന്ത്യയിൽ വന്നുചേർന്നു. അതോടെ ബ്രഹ്മവിദ്യാസംഘത്തിന് ഒരു പുതിയ ജീവൻ കിട്ടി. ആനിബസന്റ് ഇന്ത്യയെ തന്റെ സ്വദേശമായി അംഗീകരിച്ചു. അവരുടെ പ്രസംഗങ്ങളും ലേഖനങ്ങളും ഒട്ടനവധി ഹിന്ദു ബുദ്ധിജീവികളെ ആകർഷിച്ചു. 1933-ൽ ചരമം പ്രാപിക്കുന്നതുവരെ അവർ ഹിന്ദുമതവുമായി ഇണക്കിച്ചേർത്തുകൊണ്ടുള്ള ബ്രഹ്മവിദ്യ പ്രചരിപ്പിക്കാനും ജനങ്ങൾക്കിടയിൽ രാഷ്ട്രീയബോധം വളർത്താനും ഉത്സാഹപൂർവം പ്രവർത്തിച്ചു. നെഹ്റു ചൂണ്ടിക്കാണിച്ചതുപോലെ, "ഇടത്തരക്കാരായ ഹിന്ദുക്കൾക്ക് തങ്ങളുടെ ആത്മീയവും ദേശീയവുമായ പൈതൃകത്തിൽ ആത്മവിശ്വാസം വർദ്ധിപ്പിക്കാൻ മിസിസ്സ് ആനിബസന്റിന്റെ സ്വാധീനം ശക്തിമത്തായിരുന്നു". [20]

വർഗ്ഗം, ജാതി, ലിംഗം, നിറം എന്നിവയുടെ അടിസ്ഥാനത്തിലുള്ള വ്യത്യാസങ്ങൾ വകവെയ്ക്കാതെ മനുഷ്യരാശിയുടെ സാർവലൗകിക സാഹോദര്യത്തിനുവേണ്ടി ഒരു കേന്ദ്രം സ്ഥാപിക്കുക, മതങ്ങൾ, തത്വചിന്ത, ശാസ്ത്രം എന്നിവയുടെ താരതമ്യപഠനം പ്രോത്സാഹിപ്പിക്കുക, പ്രകൃതിയുടെ വർണ്ണനാതീതമായ നിയമങ്ങളെയും മനുഷ്യനിൽ അന്തർലയിച്ചുകിടക്കുന്ന ശക്തികളെയും അന്വേഷിക്കുക എന്നിവയായിരുന്നു തിയോസഫിസ്റ്റുകളുടെ പ്രഖ്യാപിതലക്ഷ്യം. എല്ലാ മതങ്ങളുടെയും പൂർണ്ണവും പരിശുദ്ധവുമായ അംശങ്ങളെ ആനിബസന്റ് ഉൾക്കൊള്ളാൻ ശ്രമിച്ചു. എങ്കിലും, അവരുടെ അടിസ്ഥാനവീക്ഷണഗതി ഹിന്ദുമതത്തിന്റേതായിരുന്നു. അവർ പ്രഖ്യാപിക്കുകയുണ്ടായി: "ലോകത്തിലെ മതങ്ങൾക്കിടയിൽ ഹിന്ദുമതത്തെപ്പോലെ ഇത്ര പരിപൂർണ്ണവും ഇത്ര ശാസ്ത്രീയവും ഇത്ര തത്വചിന്താനിർഭരവും ഇത്ര അദ്ധ്യാത്മികവുമായ മറ്റൊരു മതം കാണുന്നില്ല. നിങ്ങൾ അതിനെ കൂടുതൽ അറിയുംതോറും കൂടുതൽ ഇഷ്ടപ്പെടും; കൂടുതൽ മനസ്സിലാക്കാൻ ശ്രമിക്കുന്തോറും കൂടുതൽ അഗാധതയിൽ അതിനെ വിലമതിക്കും". അവർ വീണ്ടും പറഞ്ഞു: "അബദ്ധം പിണയേണ്ട, ഹിന്ദുമതം കൂടാതെ ഇന്ത്യയ്ക്ക് ഭാവിയില്ല. ഇന്ത്യയുടെ വേരുകൾ ആണ്ടിറങ്ങി നിൽക്കുന്ന മണ്ണാണ് ഹിന്ദുമതം. അതിൽനിന്ന് പറിച്ചെടുത്താൽ ഇന്ത്യ മണ്ണിൽ നിന്ന് പറിച്ചെടുത്ത മരത്തെപ്പോലെ അശക്തയായിത്തീരും".

---

20. Jawaharlal Nehru: Discovery of India, P. 343.

# 14 ഹിന്ദുമതപുനരുദ്ധാരണം

ബിപിൻ ചന്ദ്രപാൽ ചൂണ്ടിക്കാണിച്ചു: "കഴിഞ്ഞ കാലത്തെപ്പറ്റിയോ അതു വിട്ടേച്ചുപോയിട്ടുള്ള പൈതൃകങ്ങളെക്കുറിച്ചോ നാണിക്കുന്നതിനുപകരം അവയെപ്പറ്റി ശരിക്കും അഭിമാനിക്കാൻ വകയുണ്ടെന്നും തങ്ങളുടെ പഴയ യോഗിമാരും മഹർഷിവര്യന്മാരും ഏറ്റവും ഉന്നതമായ സത്യത്തിന്റെ വക്താക്കളായിരുന്നു എന്നും ഇന്ന് സങ്കടകരമാം വണ്ണം തെറ്റിദ്ധരിക്കപ്പെട്ട തങ്ങളുടെ പഴയ ഗ്രന്ഥങ്ങൾ ഏറ്റവും ഉന്നതമായ മാനുഷികപ്രതിഭയുടെയും ജ്ഞാനത്തിന്റെയും കലവറയാണെന്നും നമ്മുടെ ജനങ്ങൾക്ക് മനസ്സിലാക്കികൊടുത്തത് ബ്രഹ്മവിദ്യാസംഘമാണ്". [21]

തിയോസഫിക്കൽ സൊസൈറ്റി ഹിന്ദുമതത്തെ അതിന്റെ പൂർണ്ണമായ രൂപത്തിൽ തന്നെ അംഗീകരിച്ചു. കാലഹരണപ്പെട്ട ആചാരാനുഷ്ഠാനങ്ങളും കർമ്മത്തെപ്പറ്റിയും പുനർജന്മത്തെപ്പറ്റിയും മറ്റുമുള്ള സിദ്ധാന്തങ്ങളും അവർ സ്വീകരിച്ചു. മുൻജന്മത്തിൽ താനൊരു ഹിന്ദുവായിരുന്നു എന്ന് ആനിബസന്റ് പലപ്പോഴും പറയാറുണ്ടായിരുന്നു. 1911-ൽ ഇന്ത്യയിൽ സാമ്രാജ്യവിരുദ്ധപ്രസ്ഥാനം ശക്തിപ്രാപിക്കാൻ തുടങ്ങിയ ഘട്ടത്തിൽപോലും അവർ തന്റെ മുൻജന്മത്തെപ്പറ്റിയും പുനർജന്മത്തെപ്പറ്റിയുമുള്ള അന്വേഷണങ്ങളിൽ മുഴുകിയിരിക്കുകയായിരുന്നു. വർണ്ണാശ്രമ വ്യവസ്ഥയെപ്പോലും അവർ ന്യായീകരിച്ചു. ആര്യസമാജക്കാരെപ്പോലെ തന്നെ ബ്രഹ്മവിദ്യക്കാരും ചാതുർവർണ്ണ്യത്തെ നിലനിർത്തിക്കൊണ്ട് അതിലെ അവാന്തരവിഭാഗങ്ങൾ മാത്രം നീക്കം ചെയ്യണമെന്നാണ് വാദിച്ചത്. ലജ്പത്റായി എഴുതി: "മിസിസ്സ് ബസന്റും അവരുടെ പ്രസ്ഥാനവും പ്രധാന ജാതികൾക്കുള്ളിലുള്ള ഉൾപ്പിരിവുകൾക്കെതിരായി ശബ്ദമുയർത്താൻ തുടങ്ങിയിരിക്കുന്നു. ഹിന്ദുക്കളുടെ മൗലികമായ വർണ്ണവ്യവസ്ഥയെ ന്യായീകരിക്കുന്ന അവരുടെ നിലപാട് സമാജക്കാർ കൈക്കൊണ്ട നിലപാടുമായി ഒത്തുപോകുന്നതാണ്. സിദ്ധാന്തത്തിലാണെങ്കിലും ഇന്നത്തെ ജാതിവ്യവസ്ഥക്കെതിരായ ഒരു പ്രായോഗികാക്രമണമാണത്. അധിക്ഷേപിക്കുക എന്നതിൽ കവിഞ്ഞ് ആര്യസമാജക്കാർക്കാകട്ടെ, സാമൂഹ്യപരിഷ്ക്കർത്താക്കൾക്കാകട്ടെ, പ്രായോഗികമായി ഒന്നും ചെയ്യാൻ കഴിയില്ല. ഉപജാതികൾ അവസാനിപ്പിക്കുക എന്നതായിരിക്കണം തുടക്കമെന്നാണ് രണ്ടു കൂട്ടരും പറയുന്നത്". [22]

എന്നാൽ, ആരംഭത്തിലുണ്ടായിരുന്ന ഇത്തരം അഭിപ്രായങ്ങളിൽ ചിലതെങ്കിലും ആനിബസന്റ് മാറ്റുകയുണ്ടായി. അവർ ജാതിവ്യവസ്ഥക്കെതിരായ ഒരു നിലപാട് സ്വീകരിക്കാൻ തുടങ്ങി. 1913-ൽ അവർ ഇപ്രകാരം പറഞ്ഞു: "ഞാൻ വ്യസനിക്കുന്നു. എങ്കിലും, പറയാൻ ഞാൻ നിർബദ്ധയായിത്തീരുകയാണ്. രാഷ്ട്രത്തിന്റെ മാറിക്കൊണ്ടിരിക്കുന്ന ജീവിതത്തിൽ കനത്ത ഉത്തരവാദിത്വങ്ങൾ ജനങ്ങളുടെ മേൽവന്നു വീണുകൊണ്ടിരിക്കുമ്പോൾ ജാതിവ്യവസ്ഥക്ക് തുടരാൻ കഴിയുമെന്ന് ഞാൻ കരുതുന്നില്ല" യാഥാസ്ഥിതികത്വത്തിൽ നിന്നു പെട്ടെന്നുള്ള ഈ വ്യതിയാനം പിന്തിരിപ്പൻ ചിന്താഗതിക്കാർക്കിടയിൽ അമ്പരപ്പും പ്രതികൂലമായ പ്രതികരണവുമുണ്ടാക്കി. പലരും ബ്രഹ്മവിദ്യാസംഘം വിട്ടുപോയി. ഏറെക്കുറെ ഒറ്റപ്പെട്ടുപോയ ബസന്റിന് കുറെക്കാലം തന്റെ മതപ്രചരണം തുടരാൻ കഴിഞ്ഞില്ല. രാഷ്ട്രീയ പ്രവർത്തനങ്ങളിൽ മുഴുകുകയും ഹോംറൂൾ പ്രസ്ഥാനം ശക്തിപ്പെടുത്താൻ ശ്രമിക്കുകയുമാണ് അവർ ചെയ്തത്. ഹോംറൂൾ പ്രസ്ഥാനത്തിന്റെ പ്രമുഖ നേതാക്കളിലൊരാളായിരുന്നു അവർ. 1920-ന് ശേഷം മഹാത്മാഗാന്ധി തന്റെ നിസ്സഹകരണപ്രസ്ഥാനം ആരംഭിച്ചപ്പോൾ ഹോംറൂൾ പ്രസ്ഥാനത്തിന് ജനങ്ങളെ ആകർഷിക്കാൻ കഴിയാതെയായി.

പത്തൊമ്പതാം നൂറ്റാണ്ടിന്റെ അവസാനത്തിൽ തന്നെ വിവിധ സംസ്ഥാനങ്ങളിലായി മറ്റുചില യാഥാസ്ഥിതിക ഹിന്ദു സംഘടനകളും ഉടലെടുക്കുകയുണ്ടായി. 1902-ൽ ദൽഹിയിൽ ചേർന്ന ഒരു സമ്മേളനത്തിൽ ഈ പ്രാദേശിക സംഘടനകളെല്ലാം ഭാരതധർമ്മമഹാമണ്ഡലം എന്നപേരിൽ ഒരു അഖിലേന്ത്യാ സംഘടനയായി സംയോജിപ്പിക്കപ്പെട്ടു. പ്രസ്തുത സംഘടന സനാതന ധർമ്മത്തിനു വേണ്ടിയാണ് നിലകൊള്ളുന്നത്. ഒട്ടേറെ നാട്ടുരാജാക്കന്മാരും പണക്കാരായ ഭൂവുടമകളും മദൻമോഹനമാളവ്യയെപ്പോലുള്ള ഹിന്ദു വിദ്യാഭ്യാസ വിചക്ഷണന്മാരും അതിനു പിന്തുണനൽകി. ഈ ഘട്ടത്തിൽ തന്നെയാണ് ശ്രീരാമകൃഷ്ണപരമഹംസന്റെയും സ്വാമി വിവേകാനന്ദന്റെയും നേതൃത്വത്തിൽ ഇന്ത്യയൊട്ടുക്കും അലയടിച്ച ഒരു പുതിയ പ്രസ്ഥാനം ഉയർന്നുവന്നത്.

---

21. Bipinchandra Pal: Memories of My Life and Times of My Youth, P. 424.
22. Lajpat Roy: Writings and Speeches, Vol. I. P. 48.

# കെ. ദാമോദരൻ



കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ കേരളത്തിലെ സ്ഥാപകനേതാക്കളിൽ ഒരാളും മാർക്സിസ്റ്റ് സൈദ്ധാന്തികനും എഴുത്തുകാരനുമായിരുന്നു കെ. ദാമോദരൻ (ഫെബ്രുവരി 25, 1904–ജൂലൈ 3, 1976). മലപ്പുറം ജില്ലയിലെ തിരൂർ വില്ലേജിൽ പൊറ്റൂർ ദേശത്ത് കീഴേടത്ത് എന്ന സമ്പന്ന നായർ കുടുംബത്തിൽ കിഴക്കിനിയേടത്ത് തുപ്പൻ നമ്പൂതിരിയുടേയും കീഴേടത്ത് നാരായണി അമ്മയുടേയും മകനായാണ് ദാമോദരൻ ജനിച്ചത്. കേരള മാർക്സ് എന്നാണ് അദ്ദേഹം വിശേഷിപ്പിക്കപ്പെട്ടിരുന്നത്. ‘പാട്ടബാക്കി’ എന്ന നാടകരചനയിലൂടെയും അദ്ദേഹം പ്രശസ്തനായി. കോഴിക്കോട് സാമൂതിരി കോളേജിൽ വിദ്യാർത്ഥിയായിരിക്കുമ്പോൾ തന്നെ ദേശീയപ്രസ്ഥാനങ്ങളോട് ആകർഷിക്കപ്പെട്ടു. നിയമലംഘന പ്രസ്ഥാനത്തിൽ പങ്കെടുത്ത് അറസ്റ്റ് വരിച്ചു.

കാശിവിദ്യാപീഠത്തിലെ പഠനകാലഘട്ടം മാർക്സിസ്റ്റ് ആശയങ്ങളോട് താൽപര്യം വർദ്ധിപ്പിച്ചു. തികഞ്ഞ കമ്മ്യൂണിസ്റ്റുകാരനായാണ് കേരളത്തിൽ തിരിച്ചെത്തിയത്. പൊന്നാനി ബീഡിതൊഴിലാളി പണിമുടക്കിൽ പങ്കെടുത്ത് അറസ്റ്റ് വരിച്ചു. നവയുഗം വാരികയുടെ പത്രാധിപരായിരുന്നു. പാർട്ടി പിളർന്നപ്പോൾ സി. പി. ഐ.-യിൽ ഉറച്ചുനിന്നെങ്കിലും അവസാനകാലത്ത് പാർട്ടിയിൽ നിന്നും അകന്നു. ജവഹർലാൽ നെഹ്രു സർവ്വകലാശാലയിൽ ഇന്ത്യൻ കമ്മ്യൂണിസ്റ്റ് ചരിത്രം തയ്യാറാക്കാനുള്ള പഠനത്തിനിടെ 1976 ജൂലൈ 3-ന് അന്തരിച്ചു. പദ്മം ജീവിതപങ്കാളിയായിരുന്നു.

# പിൻകുറിപ്പ്

- സായാഹ്ന പുറത്തിറക്കുന്ന ഈ ഫോൺ പിഡിഎഫുകൾ വായിക്കുവാനായി ഒരിക്കലും ഒരു കമ്പ്യൂട്ടറോ ഡെസ്ക് ടോപ് ആപ്ലിക്കേഷനുകളൊ ആവശ്യമില്ല. ആധുനിക മനുഷ്യന്റെ സന്തതസഹചാരിയായ സ്മാർട്ട് ഫോണുകളുടെ സ്ക്രീനിൽ തന്നെ വായിക്കുവാൻ തക്ക രീതിയിലാണു ഈ പിഡിഎഫുകൾ വിന്യസിച്ചിരിക്കുന്നത്. ഫോണിന്റെ വീതിക്കു നിജപ്പെടുത്തിയ രീതിയിലാണ് മാർജിനുകൾ ചിട്ടപ്പെടുത്തിയിരിക്കുന്നത്.
- പിഡിഎഫ് പ്രമാണങ്ങൾ വായിക്കുവാനുള്ള പ്രയോഗങ്ങൾ എല്ലാതരം സ്മാർട്ട്ഫോണുകളിലും ഇന്നു ലഭ്യമാണ്. എന്നിരിക്കിലും സൗജന്യമായി കിട്ടുന്ന അഡോബി അക്രോബാറ്റ് റീഡർ ആണ് ഇവയിൽ ഏറ്റവും മുന്തിയത്. അതുകൊണ്ട് അഡോബി റീഡർ ഇൻസ്റ്റാൾ ചെയ്യുകയും അതിൽ ഈ ഫോൺ പിഡിഎഫുകൾ വായിക്കുകയും ചെയ്യുക.

## കെ ദാമോദരന്റെ സമ്പൂർണ്ണകൃതികൾ 6

### ഫോൺ പതിപ്പുകളുടെ കണ്ണികൾ


1. വിശിഷ്ടാദ്വൈതം, ദ്വൈതം, ദ്വൈതാദ്വൈതം
2. ശിവനും ശക്തിയും
3. ഏകതത്വവാദവും മതവിശ്വാസവും
4. ഇസ്ലാംമതവും പിൽക്കാല നാട്ടുവാഴിത്തവും
5. ഇസ്ലാമിലെ ഗൂഢാർഥവാദവും വിമതപ്രസ്ഥാനങ്ങളും
6. ഭക്തിപ്രസ്ഥാനം
7. ബ്രിട്ടീഷ് ഭരണം
8. പാശ്ചാത്യചിന്തയുടെ സ്വാധീനം
9. രാജാറാം മോഹൻ റായ്
10. സാമൂഹ്യപരിഷ്കാരവും മതപുനരുദ്ധാരണവും
11. സ്വാമി വിവേകാനന്ദൻ
12. ഇസ്ലാമിലെ പുനരുത്ഥാനവും നവോത്ഥാനവും
13. മിതവാദികളും തീവ്രവാദികളും
14. തീവ്രവാദികളുടെ തത്വശാസ്ത്രം
15. മതവും ദേശീയപ്രസ്ഥാനവും
16. രവീന്ദ്രനാഥ ടാഗോർ
17. ഇഖ്ബാൽ
18. മഹാത്മാഗാന്ധി
19. മാർക്സിസത്തിന്റെ സ്വാധീനം
20. ജവഹർലാൽ നെഹ്റു
21. സ്വാതന്ത്ര്യലബ്ധിക്കു ശേഷം
22. ഭാരതീയചിന്ത എങ്ങോട്ട്?


### വെബ് പതിപ്പ കണ്ണികൾ


1. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 1
2. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 2
3. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 3
4. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 4
5. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 5
6. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 6
7. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 7
8. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 8
9. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 9
10. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 10